# പഞ്ചാംഗം.

എപ്പകത്തി ൩൦. .൧൦൫൨ ൧൦൩൯ ഞായറാഴ്ച അക്ഷരം ഏ.

## ൧൯൩൦ നവംബർ — ൧൧൦൬ തുലാം — വൃശ്ചികം.

ശുദ്ധീകരണസ്ഥലത്തിലെ ആത്മാക്കളുടെ വണക്കമാസം.

| | | | | |
|---|---|---|---|---|
| 1 | 16 | ശ | ✠ സകല ശു. ന. കു. പെ. | വെ. |
| | | | ☞ കോട്ടയം മെത്രാൻ തിരു. വാഴ്ച. | |
| 2 | 17 | ഞാ | ✠ പ. ൨൧-ാം ഞാ. ന. കു. അ. .൧൧൨ ൧൦൨൨ .൨൨ .൨ .൨ | പ. |
| | | | ☞ നാളെ സകല മരിച്ചവരുടെ ഓർമ്മ. അടുത്തതു ആദ്യവെള്ളി. | |
| 3 | 18 | തി | സകല മരിച്ച ഓർമ്മ. ന. ആ. കു. മരി. | ക. |
| 4 | 19 | ചൊ | അ. മൌ. കാർലോസ് ന. ആ. കു. പെ. | വെ. |
| 5 | 20 | ബു | യോഹന്നാൻമാം. പിതാ. സ്കറിയാ ന. ആ. കു. പെ. | വെ. |
| 6 | 21 | വ്യാ | ☺ സകല ശു. എം. ന. ആ. കു. പെ. | വെ. |
| 7 | 22 | വെ | സകല ശു. എം. ന. ആ. കു. പെ. | വെ. |
| 8 | 23 | ശ | സകല ശു. എട്ടാം. ന. ആ. കു. പെ. | വെ |
| 9 | 24 | ഞാ | ✠ പന്ത. ൨൨-ാം ഞാ. ന. കു. അ. .൧൦ .൨ .൨ | പ. |
| 10 | 25 | തി | വേ. ത്രോപ്പോനും റെസ്സീയോസും നമ്പായും ന. ആ. കു. പെ. | ചു. |
| 11 | 26 | ചൊ | അ. മൌ. മത്തീനോസ് ന. ആ. കു. പെ. | വെ. |
| 12 | 27 | ബു | പാ. വേ. മത്തീനേംസ് ന. ആ. കു. പെ. | ചു. |
| 13 | 28 | വ്യാ | മൌ. സ്റ്റനിസ്ലാവോസ് ന. ആ. കു. പെ. | വെ. |
| 14 | 29 | വെ | വേ. ബസിലിദീസും കൂട്ട. (ജൂൺ ൧൨) ന. ആ. കു. പെ. | ചു. |
| 15 | 30 | ശ | ക. ജെർത്രൂദ് ന. ആ. കു. പെ. | വെ. |
| 16 | 1 | ഞാ | ✠ പന്ത. ൨൩-ാം ഞാ. ന. കു. അ. .൧൨ .൮ ..൨ | പ. |
| 17 | 2 | തി | അ. മൌ. ഗ്രീഗോറിയോസ് ന. ആ. കു. പെ. | വെ. |
| 18 | 3 | ചൊ | ശ്ലീ. പത്രോസ് പൌ. പള്ളിക്രൂദാശ ന. ആ. കു. പെ. | വെ. |
| 19 | 4 | ബു | പാ. വേദ. പൊന്തിയാനോസ് ന. ആ. കു. പെ. | ചു. |
| 20 | 5 | വ്യാ | മൌ ഫെലിക്ക്സ് ന. ആ. കു. പെ. | വെ. |
| 21 | 6 | വെ | ☻ എ. ഭാ. ക. മ. ദേവാലയപ്രവേശനം ന. ആ. കു. പെ. | വെ. |
| 22 | 7 | ശ | ക. വേ. കിക്കിലിയാ. ന. ആ. കു. പെ. | ചു. |
| 23 | 8 | ഞാ | ✠ പന്ത. ൨൪-ാം ഞാ. ന. കു. അ. .൧൨ ൭. ൨. | പ. |
| 24 | 9 | തി | വേ. ക്രിസോഗൊനോസ് ന. ആ. കു. പെ. | ചു. |
| | | | വി. യോഹന്നാൻ ദസ്സീവാ. ന. ആ. കു. പെ. | വെ. |
| | | | തിരുവിതാംകൂർ മഹാറാണി റീജൻറ്. ആട്ടത്തിരുനാൾ. | |
| 25 | 10 | ചൊ | ക. വേ. കത്രീനാ. ന. ആ. കു. പെ. | ചു. |
| 26 | 11 | ബു | അ. വേ. പത്രോസ് അലക്സ് ന. ആ. കു. പെ. | ചു. |
| 27 | 12 | വ്യാ | മൌ. യോഹന്നാൻ (ജൂൺ ൧൨) ന. ആ. കു. പെ. | വെ. |
| | | | മുത്തോലി ആശ്രമ. നാല്പതുമണി. | |
| 28 | 13 | വെ | വേ. മൌ. അന്തോനീ. പാദു. (ജൂൺ ൧൩) ന. ആ. കു. പെ. | വെ. |
| 29 | 14 | ശ | ശ്ലീ. അന്ത്രയോസ് ത. ന. ആ. കു. ത. | റോ. |
| | | | ഇന്നു അമ. മാതാ. നൊവേന തുടങ്ങുന്നു. | |
| 30 | 15 | ഞാ | ✠ ആഗമനം ൧-ാം ഞാ ന. കു. അ. .൧൧൦൨൧ .൨൨ .൨ .൨ | റോ. |
| | | | അടുത്തതു ആദ്യവെള്ളി. ഇന്നു പാതിരാവിൽ ൨ ൭ നോമ്പു തുടങ്ങുന്നു. | |

# ബെഥനി മെത്രാന്മാർ.

ബഥനി യാക്കോബായ ആശ്രമസ്ഥാപകനായ മാർ ഇവാനിയോസ് മെത്രാപ്പോലീത്തായും സഹായ മെത്രാൻ മാർ തീയോഫീലോസും യാക്കോബായ മതം ഉപേക്ഷിച്ചു കത്തോലിക്കാ ഐക്യത്തിൽ ചേർന്നിരിക്കുന്നു. പൗരസ്ത്യറീത്തിൽപെട്ട അകത്തോലിക്കർ, കത്തോലിക്കാസഭയിൽ ചേരുമ്പോൾ അവർക്കായി നിശ്ചയിച്ചിട്ടുള്ള സത്യവാചകം അനുസരിച്ചു വിശ്വാസപ്രതിജ്ഞ ചെയ്യേണ്ടതാണു. ഈ പ്രതിജ്ഞ കൊല്ലം രൂപതയുടെ ഡോക്ടർ ബെൻസിഗർ മെത്രാനച്ചന്റെ മുമ്പിൽ ചങ്ങനാശേരി രൂപതയുടെ ഡോക്ടർ കാളാശേരിമെത്രാനച്ചന്റെയും കോട്ടാർ രൂപതയുടെ ഡോക്ടർ പെരെയിരാ മെത്രാനച്ചന്റെയും സാന്നിദ്ധ്യത്തിൽ കഴിഞ്ഞ സെപ്റ്റംബർ 20-ാനു- കൊല്ലത്തുവെച്ചാണു ചെയ്തതു. കത്തോലിക്കാസഭയിലേക്കു ചേർന്ന മാർ ഇവാനിയോസിനു ബഥനിയുടെ മെത്രാപ്പോലീത്തായെന്നും മാർ തിയോഫീലോസിനു തിരുവല്ലായുടെ മെത്രാനെന്നുമാണു സ്ഥാനം. ഇവർ അനുസരിക്കുന്ന ആരാധനക്രമം അന്തിയോക്ക്യായിലെ കത്തോലിക്കർ അനുസരിക്കുന്ന സുറിയാനി റീത്താണു. മാറോനായ സുറിയാനിക്കാർ ഉപയോഗിക്കുന്ന സുറിയാനിലിപികൾ ഇവരും ഉപയോഗിക്കുന്നതു കൊണ്ടായിരിക്കണം ഈ പുതിയ റീത്തിനെ ചിലരെല്ലാം പിശകായി മാറോനീത്തറീത്തു എന്നു വിളിച്ചുകാണുന്നത്.

ഏതൽക്കാലപര്യന്തമുള്ള ബഥനിയുടെ ചരിത്രവും, കൂനൻകുരിശുസത്യം മുതൽ ഇന്നുവരെയും പല അവസരങ്ങളിലായി പുത്തൻകൂറ്റുകാർ പുനരൈക്യത്തിനായി ചെയ്തിട്ടുള്ള പരിശ്രമങ്ങളും അറിയണമെന്നുള്ളവർ 'ഗിരിദീപം' (വില ചക്രം 7), 'മലങ്കരസഭയുടെ കുഴൽകണ്ണാടി' (വില ചക്രം 10) എന്ന രസകരങ്ങളായ പുസ്തകങ്ങൾ വായിച്ചിരിക്കേണ്ടതാണ്. ഇവ ആവശ്യമുള്ളവർ താഴെക്കാണുന്ന വിലാസത്തിൽ അപേക്ഷിച്ചാൽ കിട്ടുന്നതാണ്.

മാനേജർ എം. ആർ. പി. പ്രസ്സ്
or കുന്നംകുളം.
റവ. റ്റി. റ്റി. പൗലൂസ് ശെമ്മാശ്ശൻ,
ബഥനിപ്പള്ളി, തിരുവല്ലാ.

---

# രണ്ടു പുതിയ ദെക്രെത്തുകൾ.

പൂർണ്ണദണ്ഡവിമോചനം പ്രാപിക്കുന്നതിനു ദേവാലയം സന്ദർശിച്ചു പരിശുദ്ധപിതാവിന്റെ നിയോഗപ്രകാരം പ്രാർത്ഥിക്കണമെന്നു നിശ്ചയമുള്ള സന്ദർഭത്തിൽ ഏതു ജപമാണു ചെയ്യേണ്ടതെന്നു ഇതേവരെ ക്ലിപ്തമായ ഒരു തീരുമാനമില്ലായിരുന്നു. ൫ ആ. ൫ ന. ൫ ത്രി. മോ അതിനു തുല്യമായ വേറെ ജപങ്ങളോ ചെയ്താൽ മതിയെന്നായിരുന്നു സാമാന്യാഭിപ്രായം. മേലാലാകട്ടെ ദണ്ഡവിമോചനം പ്രാപിക്കുന്നതിനു ദേവാലയം സന്ദർശിച്ചു പ്രാർത്ഥിക്കണമെന്നു നിശ്ചയമുള്ളപ്പോഴെല്ലാം ൬ ആ. ൬ ന. ൬ ത്രി. ജപിക്കണമെന്ന് ഇക്കഴിഞ്ഞ ജൂലൈ ൫-ാംനു- പരിശുദ്ധ പിതാവ് നിശ്ചയിച്ചിരിക്കുന്നു. ഈ തീരുമാനം ഉണ്ടാകുന്നതിനു മുൻപ് ഏതുജപം ചൊല്ലിയാലും പൂർണ്ണദണ്ഡവിമോചനം പ്രാപിക്കാമായിരുന്നെങ്കിലും മേലാൽ ൬ ആ. ൬ നന്മ. ൬ ത്രി. ജപിച്ചാൽ മാത്രമേ പൂർണ്ണദണ്ഡവിമോചനം ലഭിക്കയുള്ളു.

കുർബാനയ്ക്കു ശേഷം മൂന്നു നന്മ നിറഞ്ഞ മറിയം, രാജകന്യക മുതലായ ചില ജപങ്ങൾ ചൊല്ലുന്ന പതിവ്, പതിമൂന്നാം ലെയോ മാർപ്പാപ്പാ റോമൻകാര്യത്തിന്റെ തീരുമാനത്തിനായി ഏർപ്പെടുത്തിയതാണ്. റോമൻകാര്യം അവസാനിച്ചിരിക്കകൊണ്ടു മേലിൽ ആ ഉദ്ദേശ്യത്തോടുകൂടി പ്രാർത്ഥിക്കേണ്ട ആവശ്യമില്ലല്ലൊ. ആകയാൽ ൧൧-ാം പീയൂസു മാർപ്പാപ്പാ മേലാൽ പ്രസ്തുത ജപങ്ങൾ റഷ്യയിലെ മതപീഡനം അവസാനിക്കുന്നതിലേക്കു ചൊല്ലണമെന്നു ആജ്ഞാപിച്ചിരിക്കുന്നു. ഈ ആജ്ഞ കത്തോലിക്കാലോകമാസകലം മെത്രാന്മാരാൽ ഉടൻതന്നെ പ്രസിദ്ധീകൃതമാകാം. അങ്ങിനെ യുണ്ടാകുന്ന ഏകകണ്ഠവും സർവ്വസാധാരണവുമായ പ്രാർത്ഥനയെ എതൃക്കുവാൻ മോസ്കോവിലെ ഭരണാധികാരികൾ തീർച്ചയായും പ്രാപ്തരല്ല.

# കർമ്മലകുസുമം.

പുസ്തകം ൨൨)    ൧൯൩൦ നവംബർ.    (ലക്കം ൧൧.


## തിരുഹൃദയ കീർത്തനം.

(തിരുഹൃദയ സഖ്യാംഗങ്ങളുടെ പ്രതിദിനപ്രതിഷ്ഠാജപം.)

നാലുവേദം ആറുശാസ്ത്രം— എന്ന മട്ട്.

(സരസകവി എ. ഡാനിയേൽ— കണിയാങ്കട.)

1. ശാശ്വതസുഖദമാംശ്രീ— യേശുവിൻ സുഹൃദയമേ!
വിശ്വതമസ്സൊഴിവാക്കും— ഭാസുരമണിദീപമേ! ശാ.
2. ഇന്നേദിനം ഞാൻ ചെയ്യുന്ന— പ്രാർത്ഥനാപ്രവൃത്തികളും
ഇന്നിവനിൽ വന്നുചേരും— പാടുപീഡകളുമെല്ലാം ശാ.
3. അങ്ങേ ദിവ്യനിയോഗങ്ങ— ളോടുകൂടെ ചേർത്താദരാൽ
കന്യമേരീതന്നമല— ഹൃദയത്തോടടുപ്പിക്കുന്നേൻ. ശാ.
4. പ്രത്യേകമായീ മാസത്തി— ലെത്തീട്ടമീ സുദിനത്തിൽ
സ്തുത്യമീ സഭാംഗങ്ങളിൽ— ചേർത്തഭവന്നിയോഗം പോൽ. ശാ.
5. കല്യാണവാരിധേ! യവ— യെല്ലാമങ്ങേ സവിധത്തിൽ
നല്ലാദരഭക്തിപൂർവ്വം— കാഴ്ചവയ്ക്കുന്നേൻ ഞാനമ്മേൻ. ശാ.

## പ്രസാധകക്കുറിപ്പുകൾ.

### നവംബർമാസം.

സ്വർഗ്ഗവാസികളായ സകല പരിശുദ്ധന്മാരുടെയും തിരുനാളോടുകൂടെ സമാരംഭിക്കുന്ന നവംബർ മാസം സകല മരിച്ച വിശ്വാസികളേയും പ്രത്യേകവിധം സഹായിക്കുന്നതിനു നിശ്ചയിച്ചിരിക്കുന്ന ഒരു മാസമാണ്. ഈ മാസത്തിന്റെ ൨-ാംനു, സകല വിശുദ്ധാത്മാക്കളുടേയും സ്മരണ തിരുസഭയിൽ ആചരിച്ചുവരുന്ന ഒരു സുദിനവുമാണ്. ഈ ദിവസത്തിൽ ലത്തീൻ സഭയിലുള്ള പട്ടക്കാർക്കെല്ലാം മൂന്നു കുർബ്ബാന ചൊല്ലുന്നതിനു അനുമതിയുണ്ടു. നവംബർ ൧-ാം തിയതി ഉച്ചമുതൽ ൨-ാം തിയ്യതി പാതിരാവരെ ദേവാലയത്തിൽ ചെന്നു പരിശുദ്ധ പിതാവിന്റെ നിയോഗപ്രകാരം ൬ ആ. സ്വ. ൬ നന്മ. ൬ ത്രീത്വ. ജപിക്കുന്നവർക്കു എത്ര പ്രാവശ്യം പ്രസ്തുത ജപം ചൊല്ലുന്നുവോ അത്രയും പ്രാവശ്യം ശുദ്ധീകരണാത്മാക്കൾക്കു വേണ്ടി സമർപ്പിക്കേണ്ടും "തോസ്യസ് ക്വോസ്യ

സ്" എന്ന പരിപൂണ്ണ ദണ്ഡവിമോചനം പ്രാപിക്കാവുന്നതാണ്. ഇക്കൊല്ലമാകട്ടെ നവംബർ ൨-ാംനു- ഞായറാഴ്ചയാകയാൽ സകല മരിച്ചവരുടെ സ്മരണദിനം ൩-ാംനു- തിങ്കളാഴ്ചയാണ് തിരുസഭയിൽ ആചരിക്കപ്പെടുന്നതെന്നും, തൻമൂലം 'തോസ്യസ് കോപാസ്യസ്" ദണ്ഡവിമോചനം പ്രാപിക്കാവുന്ന സമയം ൨-ാംനു- ഞായറാഴ്ച മദ്ധ്യാഹ്നംമുതൽ ൩-ാംനു- തിങ്കളാഴ്ച അദ്ധരാത്രിവരെയാണെന്നുമുള്ളതു പ്രത്യേകം പ്രസ്താവ്യമാണ്.

## ബഥനി പ്രസ്ഥാനം:

ബഥനിയിലെ നി. വ. ദിവ്യശ്രീമാന്മാരായ മാർ ഈവാനിയോസ് മെത്രാപ്പോലീത്തായും മാർ തിയോഫീലോസ് മെത്രാനും ഈ കഴിഞ്ഞ സെപ്റ്റംബർ ഇരുപതാം തീയതി കൊല്ലത്തുവച്ച് വിശ്വാസസത്യം ചെയ്തു കത്തോലിക്ക സഭയിൽ ചേർന്നുവെന്ന സന്തോഷവാർത്ത ഇതിനകം ഞങ്ങളുടെ മാന്യവായനക്കാർ അറിഞ്ഞിരിക്കുമല്ലൊ. മനസ്സാക്ഷിയെ അനുസരിച്ചു പ്രവർത്തിക്കുന്നതിനൊരുമ്പെട്ട ഈ വന്ദ്യ വൈദികശ്രേഷ്ഠന്മാരെയും അനുയായികളേയും അകത്തോലിക്കർ, പ്രത്യേകം നവീകരണ സുറിയാനിക്കാരിൽ ചിലർ, അപലപിച്ചു വരുന്നതായി കാണുന്നു. ഈ അവസരത്തിൽ ഞങ്ങളുടെ ഓർമ്മയിൽ വരുന്നതു ഒരു കത്തോലിക്കനും ഒരു യാക്കോബായ വൈദികനും തമ്മിൽ കുറെ മുമ്പു നടന്ന ഒരു സംഭാഷണമാണ്. കത്തോലിക്കമതത്തിൽ ചേർന്നാൽ തനിക്കു എന്തു ലഭിക്കുമെന്നു ചോദിച്ച വൈദികനോടു കത്തോലിക്കൻ പറഞ്ഞതു അച്ചനു തിരുസ്സഭയിലെ കൂദാശകളും മററു സ്വാവരങ്ങളും ഏതൊരു കത്തോലിക്ക സഭാംഗത്തെയും പോലെ അനുഭവിക്കാമെന്നായിരുന്നു. അതെനിക്കറിയാം, കൂടുതലായി എന്തു ലഭിക്കുമെന്നാണു ഞാൻ ചോദിക്കുന്നതു്, എന്നു വൈദികൻ രണ്ടാമതും ചോദിച്ചപ്പോൾ 'അച്ചൻ പരമാർത്ഥബുദ്ധിയോടും മതബോധത്തോടുംകൂടെ കത്തോലിക്ക സഭയിൽ ചേർന്നു സ്ഥിരതയോടെ അതിൽ നിൽക്കുന്നതായാൽ മററു കത്തോലിക്കരെ അപേക്ഷിച്ച് വിശേഷാൽ ഒരു കുരിശുംകൂടെ അച്ചനു ലഭിക്കും' എന്നാണു കത്തോലിക്കൻ മറുപടി പറഞ്ഞതു്. നമ്മുടെ ദിവ്യരക്ഷകൻ ഉപദേശിക്കുന്നതും "എൻെറ പിന്നാലെ വരുവാൻ മനസ്സുള്ളവൻ തന്നെത്തന്നെ പരിത്യജിച്ചു സ്വന്ത കുരിശിനെ എടുത്തുകൊണ്ടു എൻെറ പിന്നാലെ വരട്ടെ". (വി. മത്താ: XVI. 24.) എന്നാണല്ലൊ. അതെ, ബഥനി മെത്രാപ്പോലീത്തായിക്കും അനുയായികൾക്കും തിരുസ്സഭ തൻെറ ആത്മീയ സമ്പത്തു മുഴുവനും കൊടുക്കുന്നു. എന്നാൽ ഇതിനും പുറമെ, വിശേഷാൽ ഒരു കുരിശും കൂടെയാണ് ആ സാത്വികന്മാക്കു ലഭ്യമായിരിക്കുന്നതു്. ആകയാൽ യാക്കോബായ സഭയിലെ ഈ വന്ദ്യവൈദികശ്രേഷ്ഠന്മാരും അനുയായികളും കത്തോലിക്ക സഭയിൽ ചേർന്നതിൽ അവരെ ഹാർദ്ദമായി അനുമോദിക്കുന്നതോടെ അവരുടെ ഈ കുരിശിൻെറ ഭാരം ലഘൂകരിക്കുന്നതിലേക്കു പ്രാത്ഥന, പ്രയത്നം, ധനസഹായം എന്നിവയാൽ കുസുമവായനക്കാർ ആ മഹത്തുക്കളെ യഥാശക്തി സഹായിക്കണമെന്നാണു ഞങ്ങൾ ഈ സന്ദർഭത്തിൽ ഏവരോടും അപേക്ഷിക്കുന്നതു്.

## മെത്രാഭിഷേകം.

കോട്ടാർ രൂപതയുടെ മെത്രാൻ ഡോക്ടർ ലോറൻസു പെരെയിരാതിരുമനസ്സിലെ മെത്രാഭിഷേകം മുൻനിശ്ചയമനുസരിച്ചു കോട്ടാർ വി. ശവേരിൻെറ ദേവാലയത്തിൽ വെച്ച് ഈ കഴിഞ്ഞ ഒക്ടോബർമാസം 5-ാംനു- സാഘോഷം നടന്നിരിക്കുന്നു. അഭിഷേകകർമ്മം നടത്തിയതു വരാപ്പുഴ മെത്രാപ്പോലീത്താ തിരുമനസ്സുകൊണ്ടും സഹായികൾ കൊല്ലം ചങ്ങനാശേരി രൂപതകളുടെ മെത്രാന്മാരുമായിരുന്നു. ബഥനി മെത്രാന്മാരും ഈ തിരുകർമ്മത്തിൽ അത്യന്തം സന്നിഹിതരായിരുന്നു.— *Ad Multos Annos.*

—:oOo:—



20—9—'30-ൽ

കത്തോലിക്കസഭയിലേക്ക പുനരൈക്യപ്പെട്ട

| | |
|---|---|
| ബഥനി അതിരൂപതയുടെ | തിരുവല്ലാ രൂപതയുടെ |
| മ. വ. ദിവ്യശ്രീ മാർ | നി. വ. ദിവ്യശ്രീ |
| ഈവാനിയോസ് മെത്രാപ്പോലീത്താ | മാർ തിയോഫിലോസ് മെത്രാൻ |
| തിരുമനസ്സുകൊണ്ടു്. | തിരുമനസ്സുകൊണ്ടു്. |

St. Joseph'sPress, Mannanam.

# ശുദ്ധീകരണസ്ഥലത്തിലെ ആത്മാക്കൾ.

(റവ. ഫാദർ അലക്സാണ്ടർ സി. ഡി.)

ശുദ്ധീകരണ സ്ഥലത്തിൽ വേദനപ്പെടുന്ന ആത്മാക്കളുടെ പാപ പരിഹാരത്തിനായി ഭൂമിയിൽ വിശ്വാസികൾ ദൈവത്തിൻപക്കൽ സമർപ്പിക്കുന്ന പ്രാർത്ഥനകളും ദാനധർമ്മങ്ങളും തപക്രിയകളും വളരെ ഫലമുള്ളവയാണ്. പുണ്യവാന്മാരുടെ ഒരുമ്പാടു അഥവാ വിശുദ്ധന്മാരുടെ അന്യോന്യഗുണാനുഭവം മൂലമുണ്ടാകുന്ന ഈ വലിയ സഹായം പഴയ പുതിയ നിയമങ്ങളിൽ വലിയ കാര്യമായി ഗണിക്കപ്പെടുന്നു. ഇപ്രകാരം പഴയ നിയമത്തിൽ യൂദാമക്കബേയാ യുദ്ധത്തിൽ മരിച്ച യഹൂദന്മാർക്കു വേണ്ടി ഓർശ്ലേം ദേവാലയത്തിൽ പൂജകൾ ചെയ്യിക്കാൻ പണം ശേഖരിച്ചു പന്തിരായിരം ദ്രാക്മാ വെള്ളിനാണയങ്ങൾ ഓർശ്ലേത്തേക്കു അയച്ചുവെന്നു മാക്ബായക്കാരുടെ 2-ാം പുസ്തകം 12 അ: 43-ാം വാക്യത്തിൽ പറയപ്പെട്ടിരിക്കുന്നു. അപ്രകാരംതന്നെ കത്തോലിക്ക തിരുസഭയുടെ ആരംഭകാലംമുതൽ നടപ്പായിരിക്കുന്ന ചട്ടപ്രകാരം ബെസ്സക്കാനായിൽ അഥവാ ശുദ്ധീകരണസ്ഥലത്തിൽ പാടുപെടുന്ന ആത്മാക്കളുടെ പാപപരിഹാരക്കടം തീരുവാൻവേണ്ടി വിശ്വാസികൾ ഭൂമിയിൽചെയ്യുന്ന ജപതപദാനധർമ്മങ്ങളും വിശിഷ്യാ കുർബാന എന്ന മഹാബലിയും ഏററം ഉപകരിക്കുന്നുവെന്നു 1274-ൽ കൂടിയ ലിയോൻ സൂനഹദോസു പഠിപ്പിക്കുന്നു.

2. 'മരിച്ചവർക്കുവേണ്ടിയുള്ള അപേക്ഷ ജീവിച്ചിരിക്കുന്നവർക്കുവേണ്ടിയുള്ള അപേക്ഷയെക്കാൾ ദൈവത്തിൻപക്കൽ അധികം സ്വീകാര്യമായിരിക്കുന്നു. എന്തുകൊണ്ടെന്നാൽ ഈലോകവാസം വെടിഞ്ഞ ആത്മാവു, തന്നെത്താൻ സഹായിപ്പാൻ പാടില്ലാത്തതിനാൽ, ഏററം വലിയ ആവശ്യത്തിലായിരിക്കുന്നു' എന്നു മാലാഖായിക്കുടുത്ത വി. തോമ്മാ മല്പാൻ പഠിപ്പിക്കുന്നു. നിൻെറ അപേക്ഷയാൽ ശുദ്ധീകരണസ്ഥലത്തു നിന്നു നീ രക്ഷിച്ചു വിടുന്ന ആത്മാവിനു നീ ചെയ്യുന്ന സഹായം തനിക്കു തന്നെ ചെയ്തതുപോലെ ദൈവം വിചാരിച്ചു തക്ക സമയത്തു നിനക്കു സമ്മാനം തരുമെന്നു വിശുദ്ധ ജെർത്രൂദ പുണ്യവതിയോടു നമ്മുടെകർത്താവു അരുളിച്ചെയ്തിട്ടുണ്ടു്. ഇതു് നിനക്കു എളുപ്പത്തിൽ സാധിക്കാവുന്ന ഒരു കാര്യമാണ്. ഇതിന്നായി നീ ദൈവത്തോടു പ്രാർത്ഥിച്ചാൽ മതിയാകും. വേദന സഹിക്കുന്ന ആത്മാക്കൾക്കു മോക്ഷത്തിൻെറ വാതൽ തുറന്നുകൊടുക്കുന്നതിനു നാം ഉപയോഗിക്കേണ്ട താക്കോൽ പ്രാർത്ഥനയാകുന്നുഎന്നു വി. അഗുസ്തീനോസു മല്പാൻ പഠിപ്പിക്കുന്നു. അപ്പോഴൊ മരിച്ചുപോയ നമ്മുടെ മാതാപിതാക്കന്മാർ, സ്നേഹിതരുപകാരികൾ എന്നിവരുടെ ആത്മാക്കൾക്കു വേണ്ടി നാം ദിവസംതോറും പ്രാർത്ഥിക്കുന്നതു കൂടാതെ പ്രത്യേകം വൃശ്ചികമാസത്തിൽ ശുദ്ധീകരണസ്ഥലത്തിൽ വേദനപ്പെടുന്ന സകലർക്കുവേണ്ടിയും പ്രാർത്ഥിക്കണം. ഇതു് വലിയ ഉപവിപ്രവൃത്തിയാകുന്നു. ദൈവ സ്നേഹത്തിൻെറയും പരസ്നേഹത്തിൻെറയും ഒരു നല്ല അഭ്യസനം ഇതിൽ അടങ്ങിയിരിക്കുന്നതിനാൽ ഇതിൽനിന്നു വലിയ പുണ്യയോഗ്യതയും ലഭ്യമാകുന്നു.

3. നാം ഈ ആത്മാക്കൾക്കുവേണ്ടി പ്രാർത്ഥിക്കുന്നതു നമുക്കു വളരെ പ്രയോ

(ഫ)

ജനമുള്ളതാണ്. എന്തുകൊണ്ടെന്നാൽ ഇവർ നന്ദിസൂചകമായി നമുക്കുവേണ്ടി പ്രാൎത്ഥിക്കയും നമ്മുടെ ആവശ്യങ്ങളിൽ നമ്മെ സഹായിക്കയും ചെയ്യുന്നതിനാൽ ഭക്തിയുള്ള ആളുകൾ തങ്ങൾക്കു ഏതെങ്കിലും ഒരു പ്രത്യേക നന്മ ദൈവത്തിൽനിന്നു പ്രാപിപ്പാൻ ആഗ്രഹിക്കുമ്പോൾ ശുദ്ധീകരണ സ്ഥലത്തിൽ വേദനപ്പെടുന്ന ആത്മാക്കൾക്കുവേണ്ടി കുർബ്ബാനചൊല്ലിക്കുന്നതു നടപ്പായിരിക്കുന്നു. ഇപ്രകാരം വിശുദ്ധ അല്ലോൻസു ലിഗോരി, വിശുദ്ധ ബെല്ലർമീൻ കർദ്ദിനാൾ വി. കത്രീനാ ദെ ബോലൊഞ്ഞ മുതലായ പരിശുദ്ധന്മാരും ഈ ആത്മാക്കളുടെ മാദ്ധ്യസ്ഥം പിടിച്ചിരുന്നതായി നാം അറിയുന്നു.

അകയാൽ ശുദ്ധീകരണ സ്ഥലത്തിലെ ആത്മാക്കളുടെ സഹായത്തിനായി പ്രത്യേകം നിശ്ചയിക്കപ്പെട്ടിരിക്കുന്ന ഈ മാസത്തിൽ നാം എവരും നമ്മാൽ കഴിയുംവിധം ഈ അനാദരാത്മാക്കളെ സഹായിക്കാൻ ശ്രമിക്കേണ്ടിയിരിക്കുന്നു. ഇവരെ സഹായിക്കുന്നതിനു പല മാൎഗ്ഗങ്ങളുള്ളതിൽ ഉത്തമമായ ഒരു മാൎഗ്ഗം അമലോത്ഭവമാതാവിൻെറ നീല ഉത്തരീയം ക്രമപ്രകാരം സ്വീകരിച്ച് 6 ആ. 6 ന. 6 ത്രീത്വ. ജപിക്കുന്നതാണ്. ഇതു ഇങ്ങിനെ ജപിക്കുന്ന ഓരോ പ്രാവശ്യവും (500) അഞ്ഞൂറിൽ പരം പൂൎണ്ണദണ്ഡവിമോചനങ്ങൾ പ്രാപിക്കാവുന്നതും അവ ഈ ആത്മാക്കൾക്കുവേണ്ടി കാഴ്ചവെക്കാവുന്നതുമാണ്. ഇതിനു കുമ്പസാരമോ വി. കുർബ്ബാനയുടെ സ്വീകരണമോ ആവശ്യമില്ല. ജപിക്കുന്നവർ ദൈവപ്രസാദവരസ്ഥിതിയിൽ ആയിരിക്കണമെന്നേയുള്ളു. ദിവസത്തിൽ പല തവണ ഇപ്രകാരം പ്രാപിക്കാവുന്നതുമാണ്. അതിനാൽ ഈവിധം അടിക്കടി ചെയ്തുകൊണ്ട് വിശുദ്ധാത്മാക്കളെ സഹായിക്കാൻ എവരും ഉത്സാഹിക്കണം.

---

# സുവിശേഷവിവരണം.

പന്തക്കുസ്താ 22-ാം ഞായർ. (നവംബർ 9.)

സുവിശേഷം:– "അപ്പോൾ പ്രീശന്മാർ പോയി അവനെ വാക്കിൽ കുടുക്കുന്നതിനു ആലോചിച്ചുകൊണ്ട് ഹെറോദിയരോടുകൂടെ തങ്ങളുടെ ശിഷ്യരെ അവന്റെ അടുക്കൽ അയച്ച് പറയിച്ചതായതു:- ഗുരുവേ! അങ്ങ് സത്യവാനാകുന്നുവെന്നും ദൈവത്തിൻെറ വഴിയെ സത്യത്തോടെ പഠിപ്പിക്കുന്നുവെന്നും അങ്ങു മുഖദാക്ഷിണ്യമില്ലാത്തവനാകയാൽ മനുഷ്യരുടെ മുഖം നോക്കുന്നില്ലെന്നും ഞങ്ങളറിയുന്നു. ആകയാൽ, കേസറിന് തലവരി കൊടുക്കുന്നതു വിഹിതമൊ അല്ലയൊ അങ്ങേക്കു എന്തു തോന്നുന്നുവെന്നു ഞങ്ങളോടു പറയുക. അപ്പോൾ ഈശോ അവരുടെ ദുഷ്ടതയെ അറിഞ്ഞു കപടഭക്തിക്കാരെ നിങ്ങൾ എന്നെ പരീക്ഷിക്കുന്നതു എന്തു എന്നു ചോദിച്ചു. തലവരിക്കുള്ള ദനാരിനാണയം എന്നെ കാണിപ്പിൻ. അപ്പോൾ അവർ ഒരു ദനാരിനാണയം അവന്നു കാണിച്ചുകൊടുത്തു. ഈശോ അവരോടു ഈ സ്വരൂപവും മേലെഴുത്തും ആരുടെതാകുന്നുവെന്നു ചോദിച്ചു. കേസറിൻെറതു എന്നു അവർ പറയുന്നു. അപ്പോൾ അവൻ, അങ്ങനെയെങ്കിൽ കേസറിൻെറതു കേസറിനും ദൈവത്തിൻെറതു ദൈവത്തിനും കൊടുപ്പിൻ എന്നരുളിച്ചെയ്യുന്നു."

(വി. മത്തായി. XXII. 15–21.)

വിവരണം:– ൧. പ്രീശന്മാർ മ്ശിഹായോടു ചോദിച്ച ചോദ്യത്തിൽ അടങ്ങിയിട്ടുള്ള കാപട്യം എന്താണ്?

ദൈവത്തിൻെറ തെരിഞ്ഞെടുക്ക




പ്പെട്ട ജനമായിരുന്ന യൂദജനം മ്ശിഹായുടെ കാലത്തു പുറജാതിക്കാരായ റോമ്മാക്കാരുടെ ഭരണത്തിൻ കീഴായിരുന്നു. ഇങ്ങനെ അന്യജാതിക്കാരുടെ അധീനതയിൽ ഇരിക്കുന്നതും അവൎക്കു കപ്പം കൊടുക്കുന്നതും യൂദന്മാൎക്കു ഒട്ടും തൃപ്തികരമല്ലായിരുന്നു. മാത്രമല്ല പുറജാതിക്കാൎക്കു കപ്പംകൊടുക്കുന്നതു് നീതിവിരുദ്ധവും കുററകരവുമാണെന്നുകൂടെയും അവരിൽ ഒരുകൂട്ടർ വാദിച്ചിരുന്നു. കാൎയ്യസ്ഥിതി ഈവിധമിരിക്കെ, പ്രീശന്മാരുടെ ചോദ്യത്തിനു മ്ശിഹാ അനുകൂലമായൊ പ്രതികൂലമായൊ ഒരു മറുപടി കൊടുക്കുമെന്നും, അതാകട്ടെ അനുകൂലമായിരുന്നാൽ അവിടുന്നു യൂദന്മാരുടെ അപ്രീതിക്കും, പ്രതികൂലമായിരുന്നാൽ രാജ്യത്തിലെ ഭരണാധികാരികളുടെ അപ്രീതിക്കും പാത്രീഭവിക്കുമെന്നും കണ്ടുകൊണ്ടു് ഈ ചോദ്യം ചെയ്തതിൽനിന്നും ഇതിലെ കാപട്യമെന്തെന്നു മനസ്സിലാകാം. കൂടാതെയും, പ്രീശന്മാർ, കേസറിന്റെ പക്ഷക്കാരും തങ്ങളുടെ വിരോധികളുമായിരുന്ന ഹെറോദിയരെ കൂടെ കൂട്ടിക്കൊണ്ടു മ്ശിഹായുടെ പക്കലേക്കു ചെന്നതു അവിടുന്നു കേസറിനു വിരോധമായി വല്ലതും പറഞ്ഞുവെന്നുവന്നാൽ, അവർ അതിനു ദൃക്സാക്ഷികളായിരുന്നുകൊണ്ടു് അതുടനെതന്നെ ഭരണാധികാരികളെ ധരിപ്പിക്കുന്നതിനുവേണ്ടിയായിരുന്നുവെന്നും പറയാം.

൨. പ്രീശന്മാരും ഹെറോദിയരും മ്ശിഹായെ പുകഴ്ത്തി സ്തുതിച്ചതിനെപ്പററി എന്താണു് പറയേണ്ടതു്?

അന്ധകാരങ്ങളുടെ ശക്തികൾ നന്മയ്ക്കെതിരായി പുറപ്പെടുമെന്നും, മററു കാൎയ്യങ്ങളിൽ പരസ്പരം യോജിക്കാറില്ലാത്ത ദുഷ്ടന്മാർ നീതിമാന്മാരെയും നിഷ്കപടന്മാരെയും ഉപദ്രവിക്കുന്നതിനും വീഴിക്കുന്നതിനുംവേണ്ടി യോജിച്ചു പ്രവൎത്തിക്കുകയും, ഓരോ വഞ്ചനകളും സൂത്രങ്ങളും പ്രയോഗിക്കുകയും ചെയ്യുമെന്നും ഉള്ളതിലേക്കു് ഒരുത്തമദൃഷ്ടാന്തമാണു് ഇതിൽ കാണുന്നതു. മ്ശിഹായെ വാക്കിൽ വീഴിക്കുന്നതിനുവേണ്ടി ഇതാ പരസ്പരം വിരോധികളായിരുന്ന പ്രീശന്മാരും ഹെറോദിയരും യോജിച്ചു പ്രവൎത്തിക്കുന്നു. മ്ശിഹായെ പുകഴ്ത്തിക്കൊണ്ടത്രെ അവർ അങ്ങേ മയക്കുവാൻ ശ്രമിക്കുന്നതു. അവർ പറഞ്ഞ പുകഴ്ചകളെല്ലാം ദൈവമായ അവിടത്തേക്കു ശരിവരെ യോജിക്കുന്നതാണെന്നിരുന്നാലും ആ ദുഷ്ടന്മാർ ഇപ്രകാരം പറഞ്ഞതു ദുരുദ്ദേശ്യത്തോടെയാണു്. മുഖസ്തുതിക്കാരെ വിശപസിക്കരുതെന്നും ഭയപ്പെടേണ്ടതാണെന്നുമാകുന്നു നാം ഇതിൽനിന്നും പഠിക്കേണ്ടതു്.

൩. മ്ശിഹാ പ്രീശന്മാൎക്കു നൽകിയ മറുപടിയുടെ സാരം എന്തു്?

കേസറിന്റേതു കേസറിനും, ദൈവത്തിന്റേതു ദൈവത്തിനും നിങ്ങൾ കൊടുപ്പിൻ എന്നു ദിവ്യരക്ഷകൻ അരുളിച്ചെയ്തു. അതായതു കേസറിന്റെ പ്രതിമയും അധികാരമേലെഴുത്തും ഉള്ളതായി നിങ്ങൾ ഉപയോഗിച്ചുവരുന്ന ഈ നാണയംകൊണ്ടുതന്നെ നിങ്ങൾ കേസറിന്റെ ആജ്ഞയിൽപെട്ടവരെന്നു സ്പഷ്ടമായിരിക്കയാൽ കീഴുള്ളവർ തങ്ങളുടെ യജമാനൻമാരുടെ ആജ്ഞയ്ക്കു അനുസരിച്ചു് അവരുടെ നിയമപ്രകാരം അവൎക്കു നൽകേണ്ടതു് ഇപ്പോൾ നിങ്ങളുടെ അധിപനാകുന്ന കേസറിന്നു നിങ്ങൾ നൽകുവിൻ. എന്നാൽ ദൈവത്തിന്റേതു ദൈവത്തിനു, അതായതു ദൈവികഛായ പതിഞ്ഞിരിക്കയാൽ ദൈവത്തിന്റേതെന്നു പ്രത്യക്ഷപ്പെടുന്നതായ നിങ്ങളുടെ ആത്മാവിനെ മുഴുവനായി നിങ്ങളുടെ

സ്രഷ്ടാവും രക്ഷകനും പരിപാലകനുമായ ദൈവത്തിനു് കൊടുപ്പിൻ; ദൈവപ്രമാണങ്ങളെ അനുസരിച്ചുകൊണ്ടും ആത്മീയകാര്യങ്ങളിൽ കൂടുതൽ ബദ്ധശ്രദ്ധരായിരുന്നുകൊണ്ടും ദൈവത്തെ വിശ്വസ്തതയോടെ സേവിപ്പിൻ, എന്നത്രെ ഇതിനാൽ മിശിഹാ നമ്മോടു ഉപദേശിക്കുന്നതു.

4. മ്ശിഹായുടെ ൩ാം മറുപടിയിൽനിന്നും മറ്റൊന്തെങ്കിലും നാം പഠിക്കേണ്ടതായുണ്ടോ?

അ പ്രീശന്മാരും ഹേറോദിയരും ദുരുദ്ദേശ്യത്തോടെയാണു് ചോദ്യം ചെയ്തതെങ്കിലും, മ്ശിഹാ അവരോടു കോപിക്കാതെ അവരുടെ ബോധത്തെ പ്രകാശിപ്പിച്ചു, അവർ സ്വന്ത ദുഷ്ടതയെക്കണ്ടു ഗ്രഹിച്ചു മനഃസാന്തരപ്പെടത്തക്ക വണ്ണവും, ഇരുകൂട്ടരുടെയും കണികളിൽ ഉൾപ്പെടാതെയും അവക്കു് മനഃക്ഷോഭത്തിനിടകൊടുക്കാതെയും ഇരിക്കത്തക്ക വിധത്തിലും വിവേകപൂർവ്വകമായ ഒരു മറുപടിയാണു് കൊടുത്തതു്.

ഇതിനാൽ, നമ്മുടെ സകല പ്രവൃത്തികളിലും പുണ്യങ്ങളെയെല്ലാം ക്രമപ്പെടുത്തുന്ന വിവേകത്തോടെ നാം വ്യാപരിക്കണമെന്നും (Prov IX. 10.), രാജ്യത്തോടും സഭയോടും നമുക്കു പ്രത്യേകം പ്രത്യേകം കടമകൾ ഉണ്ടെന്നും (Mt. XXII. 21), ന്യായാനുസൃതമായ എല്ലാ അധികാരത്തെയും അനുസരിച്ചാദരിക്കണമെന്നും (I Pet. II. 13-16), നാം ദൈവത്തെ ഭയപ്പെടുകയും (Mt. X. 28), ശത്രുക്കളെ സ്നേഹിക്കയും (Mt. V. 44.), ശാന്തശീലവും ഹൃദയ എളിമയും മ്ശിഹായിൽനിന്നു പഠിക്കയും (Mt. XI. 29), പാമ്പുകളെപ്പോലെ ബുദ്ധിയുള്ളവരും പ്രാവുകളെപ്പോലെ പരമാർത്ഥതയുള്ളവരും ആയിരിക്കയും (Mt. X. 16.), ചെയ്യണമെന്നും മിശിഹാ നമ്മോടു ഉപദേശിക്കുന്നു.

# സത്യത്തിൻെറ സമരം.

(ഫാദർ അഗസ്റ്റിൻ നടയം.)

സത്യത്തിനും നീതിക്കും വിരുദ്ധമായി സഭാസമരം ചെയ്യുക എന്നതു് ലോകത്തിൻെറ പ്രകൃതമാണു്. ആദത്തിൻെറ അധഃപതനാനന്തരം പ്രകൃതി തന്നെ പ്രാകൃതമായിപ്പോയി. ലൗകിക ശക്തികളെല്ലാം സത്യത്തിനു് വിരോധമായിട്ടല്ലാതെ നിന്നുകണ്ടിട്ടില്ല. ആധുനിക കാലത്തും സത്യത്തെ മറച്ചുകൊണ്ടുള്ള പ്രവൃത്തികൾസാധാരണങ്ങളത്രെ. ആരെങ്കിലും ലോകത്തോട്ടു് സത്യവും നീതിയും ഉപദേശിച്ചിട്ടുണ്ടോ അവരൊക്കെയും ലോകത്തിൻെറ അപ്രീതിക്കും ചില അവസരങ്ങളിൽ മരണത്തിനുപോലും പാത്രീഭൂതരായിട്ടുണ്ടെന്നുള്ളതു് ചരിത്രസംഭവമാണു്.

സൃഷ്ടിപ്പിൻെറ ഉഷസിൽ തന്നെ പിശാചു് ഹവ്വായെ വഞ്ചിച്ചു. സത്യവ്രതനായ ആബേലിനെ കായേൻ വധിച്ചു. ഏകദൈവവാദികളും, സന്മാർഗ്ഗനിരതന്മാരും, സത്യവാന്മാരുമായ ഗ്രീക്കു് തത്വജ്ഞാനികളിൽ പലരും ജനപ്രീതിയില്ലാത്തവരായിരുന്നു എന്നുള്ളതു് വിസ്മരിച്ചുകൂടാ. സന്മാർഗ്ഗ തത്വശകലങ്ങളടങ്ങിയ അവരുടെ പ്രസംഗങ്ങൾ ലോകാസക്തന്മാരായ ജനങ്ങളുടെ കോപത്തെ ഉജ്ജ്വലിപ്പിച്ചിരുന്നു. അ

സത്യമായ രാജമത ചടങ്ങുകളെ അനുഷ്ഠിക്കാഞ്ഞതുമൂലം ഗ്രീക്ക് തത്വജ്ഞാനികളിൽ അഗ്രഗണ്യനായിരുന്ന സോക്രട്ടീസ് വിഷപാനത്താൽ മരിക്കേണ്ടതായി വന്നുകൂടി. അജ്ഞാനാന്ധകാരത്തിൽനിന്നും വിഗ്രഹാരാധനയിൽനിന്നും യൂദജനങ്ങളെ ഉദ്ധരിക്കുന്നതിനു് ഓരോ കാലഘട്ടങ്ങളിൽ അയക്കപ്പെട്ടിട്ടുള്ള ദീർഘദർശികളിൽ വധിക്കപ്പെടാത്തവരായിട്ടോ കല്ലെറിയപ്പെടാത്തവരായിട്ടോ ചുരുക്കംപേർ മാത്രമേയുള്ളു. "ദീർഘദർശികളെ കൊല്ലുകയും നിന്റെ പക്കലേയ്ക്കു് അയക്കപ്പെട്ടവരെ കല്ലെറിയുകയും ചെയ്യുന്ന ഓർശ്ലേമെ, ഓർശ്ലേമെ" എന്നു് ദിവ്യരക്ഷകൻ യൂദജനത്തിന്റെ കേന്ദ്രസ്ഥാനമായിരുന്ന ഓർശ്ലേം പട്ടണത്തെ സംബോധന ചെയ്യുന്നതിനുള്ള കാരണമെന്തു്? സത്യദൈവാരാധകന്മാരെ വിഗ്രഹാരാധകന്മാരാക്കുന്നതിനു് നബുക്കദനാസർ പ്രഭൃതികൾ അശ്രാന്ത പരിശ്രമം ചെയ്തില്ലയോ? പഴയനിയമത്തിലെ മക്കബായ മാതാവും മക്കളും ഏലിയാസറും ക്രൂരതരംരക്തം ചൊരിഞ്ഞതു് എന്തിനായിരുന്നുവെന്നു് ആക്കാണു് അറിഞ്ഞുകൂടാത്തതു്.? ഹേറോദേസും ഹേറോദിയായും തമ്മിലുണ്ടായിരുന്ന വ്യഭിചാരിതമായ നടപടിയെപ്പറ്റി പരസ്യമായി കുറ്റപ്പെടുത്തിയതിനാൽ വി. യോഹന്നാൻ മാംദാനായുടെ ശിരസ്സ് ഛേദിക്കപ്പെട്ടു. നീതിമാനായ മാംദാനായുടെ കാഴ്ച ലോകമായയിലും വിഷയാസക്തികളിലും ആണ്ടു കിടന്നിരുന്ന അവക്ക് അസഹനീയമായിരുന്നു. അദ്ദേഹം ജീവിച്ചിരുന്നപ്പോൾ അവരുടെ സ്വാതന്ത്ര്യസന്തോഷാദികൾക്ക് എന്തോ മ്ലാനത സംഭവിച്ചതുപോലെ അവക്ക് തോന്നി. മാംദാനായുടെ ശാസനകൾ മർമ്മഭേദകമായിരുന്നതിനാൽ അവക്ക് സമാധാനമശ്ശേഷമില്ലായിരുന്നു. കൂരിരുട്ടിൽ കള്ളന്മാർ സ്വച്ഛന്ദം ചോരവൃത്തി ചെയ്യുന്നതുപോലെ സത്യപ്രകാശമായ മാംദാനായുടെ— അതേ കപടനും സന്മാർഗ്ഗരഹിതനുമായ ഹേറോദേസിന്റെ അസന്മാർഗ്ഗാന്ധകാര പ്രവൃത്തികളെ തെളീയിച്ച ദീപസ്തംഭത്തിന്റെ— അഭാവത്തിൽ ഹേറോദേസിനും ഹേറോദിയാക്കും സ്വച്ഛന്ദം വിഹരിക്കുവാൻ സാധിച്ചു.

ദീർഘദർശികളുടെ നാഥനും, ജീവനും, സത്യവുമായ മ്ശിഹാ വന്നപ്പോഴും ലോകഗതി മറ്റുപ്രകാരത്തിലായിരുന്നില്ല. ലോകം അജ്ഞാനതമസിൽ നിമഗ്നമായിരുന്നു. യൂദജനം എത്രമാത്രം ദൈവമാർഗ്ഗിക പന്ഥാവിൽകൂടി ചരിച്ചിരുന്നുവെന്നും ലൗകികവുംജഡധീകവുമായ ആശാപാശങ്ങളിൽ മുങ്ങി എത്രത്തോളം അന്ധന്മാരായിരുന്നുവെന്നും വി. യോഹന്നാന്റെ "പ്രകാശം ഇരുട്ടിൽ ഉദിച്ചു. എന്നാൽ ഇരുട്ട് അതിനെ അറിഞ്ഞില്ല" എന്ന വാക്കുകളിൽ നിന്നു് വിശദമാകുന്നതാണു്. റോമ്മാ സാമ്രാജ്യംപോലെ ഒരു സാമ്രാജ്യം മിശിഹാ സ്ഥാപിക്കുമെന്നും അവരിൽ നിന്നും പൊയ്പ്പോയിരുന്ന അധികാരത്തെ പുനസ്ഥാപിക്കുമെന്നും അവർ വിശ്വസിച്ചിരുന്നു. മ്ശിഹായുടെ പ്രസംഗം അവരുടെ പ്രതീക്ഷക്കു് പറ്റിയതായിരുന്നില്ല. അയതിനാൽ തങ്ങളെ രക്ഷിക്കുവാൻ വന്ന മിശിഹായെ— തങ്ങളുടെ പിതാക്കന്മാരെ ഫറവോന്റെ അടിമയിൽ നിന്നും രക്ഷിച്ചു്, ചെങ്കടൽ കടത്തി, മന്നാ എന്ന അപ്പത്താൽ തീറ്റിപ്പോറ്റിയ ആ ദൈവത്തിന്റെ പുത്രനെ— അറിയാത്തവിധം, ദൈവികമായ യാതൊന്നും വിചാരിക്കുവാൻ വഹിയാത്തവണ്ണം, അത്ര വഷളത്വംനിറഞ്ഞതായിരുന്നുഅവരുടെ ഹൃദയങ്ങൾ. ഹൃദയംകൊണ്ടുവിചാരിക്കുന്നമനുഷ്യർഇല്ലഎന്നു്ദീർഘദർശിപ്രവചിച്ചിരുന്നതു് മ്ശിഹായുടെ വരവോടുകൂടി അക്ഷരംപ്രതി നിറവേറിയിരുന്നു. യൂദപ്രമാണികളായ പ്രീശന്മാരെ വെള്ളപൂശിയ കുഴിമാടങ്ങൾ എന്നു് ദിവ്യരക്ഷകൻ വിളിച്ചതിൽ നിന്നും അവരുടെ ഹൃദയങ്ങൾ എത്രത്തോളം ജീർണ്ണീഭവിച്ചിരുന്നുവെന്നു് നമുക്ക് ഏതാണ്ടു് മനസ്സിലാക്കാവുന്നതാണു്.

ഇപ്രകാരമുള്ള ഒരു ജനതതി നീതിസൂര്യനായ മ്ശിഹായുടെ— അതേ, ആ നിത്യ സത്യത്തിന്റെ— ഉദയം അറിയാത്തതിൽ ആശ്ചര്യപ്പെടുവാനൊന്നുമില്ല. മ്ശിഹാ സത്യത്തെ പ്രസംഗിച്ചു.

യൂദന്മാരെ ശാസിക്കയും അവരുടെ തെററായ നടപടിയെ തിരുത്തുകയും ചെയ്തു. പലതരം രോഗങ്ങളെ സുഖപ്പെടുത്തി. എന്നാൽ മിശിഹായുടെ സാന്നിധ്യം ലോകത്തിനു് ദുസ്സഹമായിത്തീൎന്നു. സത്യത്തിനും സന്മാൎഗ്ഗത്തിനും വിരോധമായി ഇഷ്ടംപോലെ ജീവിതം നയിച്ചിരുന്ന പ്രധാനാചാൎയ്യന്മാൎക്കും പ്രീശന്മാൎക്കും മ്ശിഹായുടെ പ്രസംഗങ്ങളും അത്ഭുതപ്രവൎത്തനങ്ങളും അവരുടെ ക്രമരഹിതമായ ജീവിതഗതിയെ തടയുന്ന ഉറപ്പുള്ള ഒരു കോട്ടപോലെ അനുഭവപ്പെട്ടു. ഏതെങ്കിലുമൊരു വിധത്തിൽ ഭൂമുഖത്തു നിന്നും തന്നെ നീക്കിക്കളയണമെന്നു് അവർ തീൎച്ചപ്പെടുത്തി. ശിശുത്തൊട്ടിയിൽവച്ചു് തന്നെ നിഗ്രഹിക്കുന്നതിനു് ദുഷ്ടനായ ഹേറോദേസ് ശ്രമിച്ചു. യൂദന്മാർ പല അവസരങ്ങളിൽ തന്നെ കല്ലെറിയുകയും മുതിപ്പെടുത്തുന്നതിനു് ഉത്സാഹിക്കയും ചെയ്തിട്ടുണ്ടു്. എന്നാൽ പിതാവിനാൽ നിശ്ചയിക്കപ്പെട്ട സമയം വന്നപ്പോൾ "ഞാൻ ജനിക്കയും ഈ ലോകത്തിലേയ്ക്കു് വരികയും ചെയ്തതു് സത്യത്തിനു് സാക്ഷ്യം വഹിക്കുന്നതിനായിട്ടാകുന്നു. സത്യത്തിൽനിന്നുള്ളവൻ എന്റെ സ്വരത്തെ കേൾക്കുന്നു." എന്നു് പരസ്യമായി പറഞ്ഞുകൊണ്ടു് ദിവ്യരക്ഷകനായ മ്ശിഹാ തന്റെ ദിവ്യതത്വത്തെ സ്ഥാപിക്കയും കുരിശുമരണം കയ്യേൽക്കുകയുമാണു് ചെയ്തതു്.

# ഈശോ നമ്മുടെ മഹാ പുരോഹിതൻ.

(ഫാദർ എഫ്രേം സി. ഡി.)

ന. കൎത്താവു് അന്ത്യ അത്താഴത്തിൽ വിശുദ്ധ കുൎബ്ബാനയെ സ്ഥാപിച്ചു. "ഇതു് എന്റെ ശരീരമാകുന്നു...ഇതു് എന്റെ രക്തമാകുന്നു" എന്നു പറഞ്ഞുകൊണ്ടു അപ്പത്തെ തന്റെ ഏററംപരിശുദ്ധ ശരീരമായും, ദ്രാക്ഷാരസത്തെ തന്റെ ഏററം അമൂല്യ രക്തമായും, വെള്ളത്തെ വീഞ്ഞായി ഏതു ശക്തിയാൽ പകൎത്തിയോ ആ അത്ഭുതകരമായ വചന ശക്തിയാൽ തന്നെ, വസ്തുഭേദം ചെയ്തു. ഈ വസ്തുഭേദം ചെയ്തു വിശുദ്ധീകരണത്തിന്റെശേഷം തന്റെ ആരാധനീയ ശരീരത്തെയും വിശുദ്ധ രക്തത്തെയും സ്വൎഗ്ഗീയ പിതാവിനു് സമൎപ്പിച്ചു. പിന്നെ തന്റെ വി.ശരീരത്തെയും രക്തത്തെയും ആഹാരപാനീയങ്ങളായി തന്റെ ശിഷ്യഗണത്തിനു കൊടുത്തുകൊണ്ടും, തന്റെ ശിഷ്യന്മാരോടും അവരുടെ അനന്തിരവരോടും "നിങ്ങൾ എന്റെ ഓൎമ്മക്കായി ഇതിനെ ചെയ്വിൻ" എന്നു പറഞ്ഞുകൊണ്ടും, ബലി സമൎപ്പിക്കാൻ അവരോടു ആജ്ഞാപിച്ചു. ഈ ആജ്ഞാപനംമൂലം അവിടുന്നു ശ്ലീഹന്മാരെയും അവരുടെ അനുഗാമികളേയും പുരോഹിതന്മാരാക്കി. ഇതു് അവസാനകാലത്തിൽ മുളച്ച നവീകരണക്കാരെ ഒഴിച്ചു, കത്തോലിക്കാ സഭയുടെയും മററു എല്ലാ ഇതര ക്രിസ്തീയ സഭകളുടെയും ഏകരൂപമായ ഉപദേശവും ആചാരവുമാണു്. ഈ ഉപദേശവും ആചാരവും വേദപുസ്തകത്തിനും സുസ്ഥിരമായ പാരമ്പൎയ്യത്തിനും അനുരൂപവും ആകുന്നു.

2. ന കൎത്താവിന്റെ ഈ കല്പന അനുസരിച്ചു, വി. കുബ്ബാനയായ ദിവ്യകാരുണ്യബലി തിരുസഭയിൽ ഇന്നാൾ വരെ, മാലാകിയുടെ ദീൎഘദൎശനപ്രകാരം, എല്ലായിടത്തും എപ്പോഴും അനുഷ്ഠിക്കപ്പെട്ടുവരുന്നു. ലോകാവസാനത്തോളം ആചരിക്കപ്പെട്ടുകയും ചെയ്യും. ശ്ലീഹന്മാർ പൂജസമൎപ്പിച്ചു; ഇതിനാൽ സഭയുടെ ശൈശവകാലം മുതൽ സഭയിൽ പുരോഹിതന്മാരും ബലിയുമുണ്ടായിരിക്കുന്നു. ഇപ്പോൾ എവിടെയെല്ലാം പുരോഹിതന്മാരുണ്ടോ, അവിടെയെല്ലാം ബലിയുമുണ്ട്.

3. മ്ശിഹാ പ്രവൎത്തിച്ചതുപോലെ സഭ അപ്പത്തെ എടുക്കുന്നു, അതിനെ വാഴ്ത്തുന്നു; അവിടുന്നു ചെയ്തതുപോലെ സ്തോത്രപ്രാൎത്ഥന ചൊല്ലി പിതാവായ ദൈവത്തിനു സമൎപ്പിക്കുന്നു. അപ്പത്തേയും രസത്തേയും ഈശോമിശിഹായുടെ ശരീരമായും രക്തമായും പരിണാമകരണം ചെയ്യുന്നു. വിശുദ്ധ അപ്പത്തേയും അനുഗ്രഹത്തിന്റെ കാസായേയും ദൈവത്തിനു സമൎപ്പിക്കുന്നു.

4. വി. ക്രിസൊസ്തോമോസ് പറയുന്നതായത്: മനുഷ്യനല്ല, മിശിഹാ തന്നെ ആകുന്നു വിശുദ്ധീകരണം നടത്തുന്നത്. അദ്ദേഹം വീണ്ടും പറയുന്നു: ഹോ! ക്രൈസ്തവനെ, പീഠത്തിങ്കൽ നില്ക്കുന്ന പട്ടക്കാരനെ നീ കാണുമ്പോൾ, പൂജ അണെക്കുന്നത് അദ്ദേഹമാണെന്നല്ല നീ വിചാരിക്കേണ്ടത്. മൎത്ത്യതയുള്ള കണ്ണിനു അദൃശ്യനായ മിശിഹായുടെ കൈയ് ആകുന്നു എന്നു നീ വിശ്വസിക്ക. ക. ഈ. മിശിഹാ ഒരിക്കൽ നിത്യപിതാവിനു തന്നെത്തന്നെ കുരിശിൽ ഏതുപ്രകാരം ബലി സമൎപ്പിച്ചോ, അതേപ്രകാരം തന്നെ നമ്മുടെ പീഠത്തിലും തന്റെ തിരുശ്ശരീരത്തേയും വിലയേറിയ രക്തത്തെയും, നമുക്കു വേണ്ടി തന്റെ പിതാവിനു സമൎപ്പിക്കുന്നു. എല്ലാ കുബ്ബാനകളിലും മ്ശിഹാ തന്റെ മായിക്കാതെ വച്ചിരിക്കുന്ന മുറിവുകളേയും, കഷ്ടാനുഭവത്തേയും തന്റെ പിതാവിനെ കാണിക്കയും, തന്റെ ക്ലേശം നിറഞ്ഞ മരണത്തെ രഹസ്യപരസ്യപരമായ വിധത്തിൽ നവീകരിക്കയും ചെയ്യുന്നു. അവസാനമായി സഭ ദിവ്യ സാദൃശ്യങ്ങളെ അനുഭവിച്ചുകൊണ്ടും വിശ്വാസികളെ ദിവ്യസംസൎഗ്ഗം മൂലം അതിൽ സഹഭാക്കുകളാക്കിക്കൊണ്ടും ദിവ്യപൂജയെ പൂൎത്തിയാക്കുകയും പരിപൂൎണ്ണമാക്കുകയും ചെയ്യുന്നു.

പ്രിയ സഹോദരങ്ങളെ, ഈശോമിശിഹാ ലോകപാപപരിഹാരാൎത്ഥം ഗാഗുൽത്താമലയിൽ ഒരിക്കൽ എങ്ങനെ തന്നെത്തന്നെ രക്തമയബലി സമൎപ്പിച്ചുവോ അതെ അങ്ങനെ തന്നെ നമ്മിൽ ഓരോരുത്തൎക്കുംവേണ്ടി പ്രത്യേകം പ്രത്യേകം ന. പീഠങ്ങളിൽ അരക്തമയമായി ആ ബലി തന്നെ അവിടുന്നു ആവൎത്തിക്കുന്നുഎന്നു ജീവപുരസ്സരം വിശ്വസിച്ച വ്യാകുലമാതാവിനെയും വി. യോഹന്നാനെയും പോലെ, കുബ്ബാന കാണാൻ താല്പൎയ്യപ്പെട്ടുവിൻ! ഈ വിധം ചെയ്താൽ നമുക്കു ലഭ്യമാകുന്ന നന്മകൾനിരവധിയാണ്.

---

## "നന്മയിലെന്നെക്കാത്തുകൊള്ളണേ ദിവാനിശം!"

(കേക.)

(റവ്. വി. അഗസ്റ്റീൻ ഫെർണാൻറസ്.)

അശ്രിതാശയാംഭോജ ചാരുഭാസ്സര,ഭവ-
ക്ലേശനാശകമഹാ ഭേഷജ പ്രകാണ്ഡമേ,
അശാസ്യഫലം നല്കും കല്പക പ്രരോഹമേ,

പ്രാശന പീയൂഷമേ, ശാശ്വതസങ്കേതമേ,
ആശ്രിത സ്നേഹപൂർണ്ണധാമമേ, നിത്യാനന്ദ-
മാശു നല്കീടും നിത്യനിർമ്മലനിലയമേ,
ആശ്വാസസമ്പത്താകുമഭിലാഷാനുകൂലം
ആശയതാരിൽചേർക്കും ദിവ്യ ഭണ്ഡാഗാരമേ,
പേശലഭക്തിമാർഗ്ഗം തെളിക്കും പ്രദീപമേ,
യേശുവിൻ ദിവ്യഹൃത്തേ! സന്തതം നമസ്കാരം!

ധാത്രീശകുലാംബുധി ചന്ദ്രനാം ദാവീദിന്റെ
ഗോത്രസംഭൃത, നാഥ, ഭൃസ്വർഗ്ഗമഹാറാണി,
നിത്യ കന്യകാമണി, ഭക്തവത്സല, സാക്ഷാൽ
നിത്യദൈവത്തിൻമാതാവാശ്രിത വിപത്തെല്ലാം
നിത്യവുമൊഴിച്ചു സംശുദ്ധി ചേർത്തീടും ദിവ്യ
നിത്യ നിർമ്മലാംബിക, നിസ്തുല, നിരാമയ,
അമലോത്ഭവസാക്ഷാ,ലമ്മഹാമാതാവിന്റെ
നിർമ്മലഹൃത്തോടൊത്തു നിന്നെഞാൻ വണങ്ങുന്നേൻ.

ആർത്തിവാരിധിയിൽനിന്നു മർത്ത്യരെ സംരക്ഷിച്ചു
നിത്യഭാഗ്യമാംതീരം ചേർക്കുവാനാകാംക്ഷയാ
ദിവ്യകാരുണ്യംപൂണ്ടു നീതന്നെ നിരന്തരം
അവ്യയം വിലസുന്ന ഞങ്ങൾതൻ പീഠങ്ങളിൽ
താദൃശപീഠങ്ങളിൽ നിന്നെയിജ്ജനമെല്ലാം
ഏതൊരു നിയോഗത്താൽ പൂജിച്ചു വണങ്ങുന്നു
അപ്പൂജാബലികളിലടങ്ങും ദിവ്യതത്വം
ഉൾപ്പൂവിൽ ധ്യാനിച്ചുകൊണ്ടാ നിയോഗങ്ങൾക്കൊത്തു;
ഇന്നിവന്നടിക്കടി വന്നീടും വിപത്തുകൾ,
ഉന്നതസ്ഥിതി, ധനം, പ്രവൃത്തിവൈഷമ്യങ്ങൾ,
ചേർന്നീടും സുഖം, ദു:ഖം, മാമകനമസ്കാര-
മെന്നുമാത്രമല്ലെന്നിലെഴുന്ന സമസ്തവും
നിന്നിലിന്നർപ്പിച്ചുകൊണ്ടതുലഭക്തിസ്നേഹ-
സന്തതനായിട്ടുഞാൻ വന്ദിച്ചു കൈകൂപ്പുന്നേൻ.

ധർമ്മനിർമ്മല നമസ്കാരസത്സഭാമാതാ-
വിൻമഹാ നിയോഗത്തോടൊത്തിവൻ പ്രത്യേകിച്ചും
മേല്പറഞ്ഞവയെല്ലാമുൾപ്പൂവിൽ ഭക്തിപൂർവ്വം
അർപ്പിച്ചീടുന്നേൻ നിന്നിലിന്നുമിമ്മാസത്തിലും!

നന്മസാഗരമാകും യേശുവിൻ ദിവ്യഹൃത്തേ!
നിന്മഹത്വത്തെച്ചൊൽവാനാകുമിന്നെളുതല്ല.
നന്മകളെനിക്കുള്ളതഖിലത്തിന്നും മൂലം
നിന്മഹാകാരുണ്യംതാനെന്നു ഞാനറിയുന്നു.
എന്മഹാപാപമെല്ലാംപോക്കിയും നിൻസ്നേഹത്തി-
ലെന്മനം ലയിച്ചു തദ്ധ്യാനൈകപരനാവാൻ
തിന്മകളേതും വന്നിങ്ങണയാതേതാദൃശ-
നന്മയിലെന്നെക്കാത്തുകൊള്ളണേ ദിവാനിശം!

## മനോഹരങ്ങളായ രണ്ടു നേത്രങ്ങൾ

അഥവാ

# വിശുദ്ധ ലൂസിയാ.

(തിരുനാൾ ഡിസംബർ 13.)

(എ. എൻ.)

ഈ ലേഖനത്തിനു് വിഷയീഭവിക്കുന്ന അത്ഭുതസംഭവം ദയോക്ലേസ്യൻ ചക്രവത്തിയുടെ മതപീഡന കാലത്തുണ്ടായിട്ടുള്ളതാണു്. പ്രസ്തുതസംഭവത്തിന്റെ കാരണഭൂതയായ വി. ലൂസിയായുടെ തിരുനാൾ കൊണ്ടാടപ്പെടുന്നതു് ഡിസംബർ മാസം 13-ാം തീയതിയാണു്. ഈ ചെറുബാലികയുടെ ധീരകൃത്യത്തെപ്പററി ഇവിടെ സ്വല്പം പ്രസ്താവിക്കുന്നതു് ഉപകാരപ്രദമായിരിക്കുമെന്നു വിശ്വസിക്കുന്നു.

സിറാക്കൂസ് പട്ടണത്തിൽ ഒരു പ്രഭുകുടുംബത്തിലാണു് വി. ലൂസിയാ ജനിച്ചതു്. തന്റെ പിതാവിന്റെ അകാല നിര്യാണാനന്തരം ഗുണവതിയായ തന്റെ മാതാവിന്റെ സംരക്ഷണയിൽ എല്ലാവക്കും ഒരു മാതൃകാബാലികയായി ലൂസിയാ വളൎന്നുവന്നു. ദേച്ചിയസ് ചക്രവത്തിയുടെ കാലത്തു് രക്തസാക്ഷിണിയായ വി. അഗാത്തായുടെ നേരെ ലൂസിയായിക്കു് അസാധാരണ ഭക്തിയുണ്ടായിരുന്നു. വി. അഗാത്തായെപ്പോലെ രക്തസാക്ഷിണി ആകണമെന്നുള്ള ആകാംക്ഷ ഒന്നു മാത്രമെ നമ്മുടെ വിശുദ്ധയ്ക്കുണ്ടായിരുന്നുള്ളു. ആ സുദിനോദയത്തെ അക്ഷമതയോടെ പ്രതീക്ഷിച്ചുകൊണ്ടുമിരുന്നു.

ഇങ്ങനെയിരിക്കുമ്പോഴാണു് വി. അഗാത്തായുടെ മാദ്ധ്യസ്ഥത്താൽ തന്റെ മാതാവിനു് ഒരത്ഭുത സുഖപ്രാപ്തി ലഭിച്ചതു്. ഇതു് ലൂസിയായിക്കു് വലിയ ഒരനുഗ്രഹമായിരുന്നു. എന്തെന്നാൽ എന്നും കന്യകയായിരുന്നു കൊള്ളാമെന്നുള്ള തന്റെ പ്രതിജ്ഞയെ അവഗണിച്ചു് വൈവാഹിക ജീവിതത്തിൽ പ്രവേശിക്കുന്നതിനു് തന്നെ നിർബന്ധിച്ചുകൊണ്ടിരുന്ന മാതാവിന്റെ ശാഠ്യം ഇതുമുതൽ ഇല്ലാതായിത്തീൎന്നു.

ലൂസിയായിക്കു് തന്റെ മാതാവു് നിശ്ചയിച്ചിട്ടുണ്ടായിരുന്ന വരൻ ആരായിരുന്നുവെന്നു് ക്ലിപ്തമായി അറിഞ്ഞുകൂടാ. സിറാക്കൂസ് ഗവർണ്ണരുടെ പുത്രൻ ആയിരുന്നുവെന്നു് ചിലർ അഭിപ്രായപ്പെടുന്നുണ്ടു്. വി. ലൂസിയായുടെ ആഭിജാത്യം, അസാധാരണമായ രൂപലാവണ്യം എന്നിതുകൾ അവളെ വിവാഹം ചെയ്യുന്നതിനു് ഗവർണ്ണരുടെ പുത്രനെ പ്രേരിപ്പിച്ചു. എന്നാൽ വി. ലൂസിയാ അതിനൊന്നും വഴിപ്പെട്ടില്ല. വിവാഹാർത്ഥം അട്ടഹസനായ ഒരു വരനോടു വാഗ്ദാനം ചെയ്തുപോയി എന്നും; അതുകൊണ്ടു അന്യനുമായി ഇനി വിവാഹം പാടില്ലെന്നും, ലൌകികമായ യാതൊരഭിലാഷവും തനിക്കില്ലെന്നും മററുമായി അയാളുടെ അഭ്യൎത്ഥനകൾക്കു് വി. ലൂസിയാ കൊടുക്കാറുണ്ടായിരുന്ന മറുപടികൾ അയാളെ ക്ഷുബ്ധചിത്തനാക്കിത്തീൎത്തതേയുള്ളു. ലൂസിയാ ക്രിസ്തുമതം സ്വീകരിച്ചതുകൊണ്ടാണു് വിവാഹത്തിനു വിസമ്മതിക്കുന്നതെന്നു് അയാൾ തീർച്ചയാക്കി. അതുകൊണ്ടു് നിർബന്ധപൂൎവ്വം വിവാഹം നടത്തുന്നതിനും അതിനു് സാധിക്കാത്തപക്ഷം പ്രതികാരം ചെയ്യുന്നതിനും ഒരവസരം അയാൾ പ്രതീക്ഷിച്ചുകൊണ്ടിരുന്നു.

ഇക്കാലത്താണു് ദയോക്ലേസ്യൻ ക്രിസ്ത്യാനികളെ ഉന്മൂലനം ചെയ്യുന്നതിനുള്ള മത പീഡന വിളംബരം പ്രസിദ്ധപ്പെടുത്തിയതു്. ഈ ദുഷ്ടചക്രവത്തി

യുടെ കാലത്തുണ്ടായിട്ടുള്ളിടത്തോളം രക്തസാക്ഷികൾ മറെറാരുകാലത്തുമുണ്ടായിട്ടില്ലെന്നാണ് എവുസേബിയസ് സാക്ഷിച്ചിരിക്കുന്നത്. ഇയാളുടെ കല്പന റോമ്മാ സാമ്രാജ്യത്തിന്റെ എല്ലാ ഭാഗങ്ങളിലും കർക്കശമായി നടത്തപ്പെട്ടു. നമ്മുടെ വിശുദ്ധയുടെ നഗരമായ സിറാക്രൂസിലും ക്രീസ്തീയ രക്തം ധാരയായി പ്രവഹിച്ചു.

തന്റെ ദുരഭിലാഷ സിദ്ധിക്ക് ഇതൊരു നല്ല അവസരമെന്നു കരുതി വി. ലൂസിയായെ പിടിച്ചു കാരാഗൃഹത്തിൽ ഇടുന്നതിനും ചില്ലറ ദേഹപീഡകൾ ഏൾപ്പിക്കുന്നതിനും ഗവർണരുടെപുത്രൻ ഏർപ്പാടു ചെയ്തു. ഇതുകൊണ്ടൊന്നും വിശുദ്ധ ഇളകിയില്ല. ഒരുദിവസം അയാൾ കാരാഗൃഹത്തിൽ വന്നു തന്റെ ഭാര്യയായിരുന്നാലുണ്ടാകാവുന്ന ബഹുമാനത്തേയും ഭാഗ്യാതിരേകത്തേയുംപററി ദീർഘമായി പ്രസംഗിച്ചു. പ്രസംഗശേഷം 'എന്നെ വിവാഹം ചെയ്യുന്നതിന് എന്താണ് തന്നെ ആകർഷിക്കുന്നത്' എന്നു വി. ലൂസിയാ ചോദിച്ചു. 'മഞ്ജുളങ്ങളായ നിന്റെ നേത്രങ്ങളത്രെ' എന്ന് അയാൾ മറുപടി നൽകി. ആലോചിച്ച് അടുത്ത ദിവസം തീർച്ചപറയാമെന്നു പ്രത്യുത്തരമായി വി. ലൂസിയ പറഞ്ഞു. ഈ മറുപടി അയാൾക്ക് ആശാജനകമായിട്ട് തോന്നിയതിനാൽ സന്തോഷചിത്തനായി ഉടനെതന്നെ തിരിച്ചുപോയി.

രാത്രി മുഴുവൻ വി. ലൂസിയാ പ്രാർത്ഥനയിൽ കഴിച്ചുകൂട്ടി. സത്യമതം ത്യജിച്ചു ഒരജ്ഞാനിയുടെ ഭാര്യയായിരിക്കുന്നതിനേക്കാൾ കണ്ണുകളില്ലാത്തവളായി തന്റെ ദിവ്യവരനോടുകൂടി സ്വർഗ്ഗീയാനന്ദം അനുഭവിക്കയാണ് നല്ലതെന്ന് അവൾ തീർച്ചപ്പെടുത്തി. ഓ! അത്ഭുതമെ! പ്രഭാതമായപ്പോൾ നേത്രങ്ങൾ രണ്ടും ചുഴന്നെടുത്ത് ഒരു തളികയിൽ വച്ചു!! ഹാ! എത്ര മനോഹരങ്ങളായ നേത്രങ്ങൾ! ഇവ രക്തസാക്ഷ്യത്തിന്റെ മുന്നോടികൾ തന്നെ. ഈ ധീരകൃത്യത്തിൽ ആർക്കാണ് ആശ്ചര്യം തോന്നാത്തത്? ഇപ്രകാരമുള്ള ഒരു സംഭവം ലോകം ഇതേവരെ കേട്ടിട്ടില്ല. പ്രഭാതരവിയുടെ പ്രഥമ കിരണങ്ങൾ കാരാഗൃഹത്തെ പതിവുപോലെ പ്രകാശിപ്പിക്കുവാൻ തുടങ്ങി. മനോജ്ഞങ്ങളായ ഈ നയനങ്ങൾ ബാലാർക്ക പ്രഭയെ ഇനി കണ്ടാനന്ദിക്കയില്ല. അതുകൾ മോക്ഷാനന്ദപ്രഭാപൂരത്തിൽ ലയിച്ചു പോയിരിക്കുന്നു.

ഗവർണ്ണരുടെ പുത്രൻ രാവിലെ തന്നെ കാരാഗൃഹത്തിൽ എത്തി. വി. ലൂസിയാ അപ്പോഴും മുട്ടിന്മേൽനിന്ന് പ്രാർത്ഥിക്കയായിരുന്നു. അയാളുടെ ആഗമനമറിഞ്ഞയുടനെ എഴുന്നേററ് ഏതു കഠിന ഹൃദയവും അലിഞ്ഞുപോകത്തക്ക മധുരസ്വരത്തിൽ 'ഇതാ നിങ്ങളെ ആകർഷിച്ച സാധനം. സ്വീകരിച്ച് തൃപ്തിയടഞ്ഞാലും' എന്ന് പറഞ്ഞുകൊണ്ട് നേത്രങ്ങൾ രണ്ടും തളികയോടുകൂടി അയാൾക്ക് സമർപ്പിച്ചു. ഈ കാഴ്ചയാൽ അയാൾ അന്ധാളിച്ചുപോയി. അവളെ വിവാഹം ചെയ്യാമെന്നുണ്ടായിരുന്ന ആഗ്രഹം പാടേ നശിച്ചു. ഏതൊരു സാധനത്തിന്റെ സിദ്ധികൊണ്ട് തന്റെ ജീവിതം ആനന്ദപൂർണ്ണമാക്കാമെന്ന് അയാൾ സങ്കല്പിച്ചിരുന്നുവൊ ആ സാധനത്തിന്റെ നാശത്താൽ അയാൾ നിരാശാപരവശനായിത്തീർന്നു. സഹതാപത്തേക്കാൾ കോപമുജ്ജ്വലിക്കയും വി. ലൂസിയായെ ഉടനെ വധിക്കുന്നതിന് ഉത്തരവിടുവിക്കയുംചെയ്തു. നമ്മുടെ പുണ്യവതിയുടെ ആഗ്രഹം സാധിച്ചു. വി. അഗാത്തായെപ്പോലെ രക്തസാക്ഷ്യകിരീടം നേടി. അപ്പോൾ വി. ലൂസിയായിക്ക് പതിനഞ്ച് വയസ്സു പ്രായമേയുണ്ടായിരുന്നുള്ളുവെന്നാണ് പല ചരിത്രകാരന്മാരുടേയും അഭിപ്രായം.

വി. ലൂസിയായുടെപടം, ഒരു കരത്തിൽ ഒരു തളികയും അതിൽ രണ്ട് നേത്രങ്ങളും, മറേറ കരത്തിൽ രക്തസാക്ഷ്യത്തിന്റെഅടയാളമായഒരുപച്ചക്കൊമ്പും പിടിപ്പിച്ചുകൊണ്ടാണ് ചിത്രിച്ചുകാണുന്നത്. ഇത് മേൽപ്രസ്താവിച്ച സംഭവത്തെ സൂചിപ്പിക്കുന്നതിനായിട്ടാകുന്നു. നേത്രരോഗങ്ങൾക്കും വി. ലൂസിയായുടെ പ്രത്യേക മാദ്ധ്യസ്ഥം ആദിമ ക്രിസ്ത്യാനികൾ അപേക്ഷിച്ചിരുന്നതായി കാണുന്നുണ്ട്. നേത്രരോഗങ്ങൾ വ

ർദ്ധിച്ചുവരുന്ന ഇക്കാലത്ത് ഈ വിശു
ദ്ധയുടെ മാദ്ധ്യസ്ഥം പിടിക്കുന്നത് വള
രെ ഗുണകരമായിരിക്കും.

ഭംഗിയുള്ളതൻെറ നേത്രങ്ങൾ ആ
ത്മനാശത്തിനു് കാരണമായേക്കുമെന്ന്
ഗ്രഹിച്ചയുടനെ അതുകളെ ചൂഴന്നുകള
യുന്നതിനു് വി. ലൂസിയാ തെല്ലും മ
ടിച്ചില്ല. എന്നാൽ ഈശ്വരദത്തമായ
അഴകും വടിവും കൊണ്ട് തൃപ്തിപ്പെടാ
തെ സുഗന്ധദ്രവ്യങ്ങൾ പൂശിയും മററു
പല കൃത്രിമ ആഡംബരങ്ങൾ വെച്ചു
കെട്ടിയും ലോകത്തെ ആകർഷിക്കുന്നതി
ന് ശ്രമിക്കുന്നയുവതീയുവാക്കന്മാർ കൃത്രി
മ ആഡംബര പ്രിയം പരാകർഷണഭ്ര
മം മുതലായവ നിത്യരക്ഷക്ക് ഹാനിക
രങ്ങളാണെന്ന് അറിഞ്ഞിരിക്കേണ്ടതാ
ണ്. ഇക്കൂട്ടർക്ക് വി. ലൂസിയാ ഒരു മാ
തൃകയായി പ്രശോഭിക്കുമാറാകട്ടെ.

# പാപികളുടെ നികൃഷ്ടാവസ്ഥ.

(കെ. എം.).

ലോകത്തിൽ നാം കാ
ണുന്നനന്മയെല്ലാം
സർവ്വ ദയാനിധി
യായ ദൈവത്തി
ൻെറ അമൂല്യദാ
നമാണ്. ദൈ
വം എല്ലാ വസ്തുക്ക
ളിലുമുണ്ട്. എന്നാ
ൽ മനുഷ്യനൊഴി
കെയുള്ള സൃഷ്ടവസ്തുക്കളെല്ലാം ദൈവം
അവയ്ക്കു ആദിയിൽ കല്പിച്ച നിയമമ
നുസരിച്ച് ജീവിക്കുയും കാലാന്തരത്തി
ൽ ഇല്ലാഴ്മയാകുകയും ചെയ്യുന്നു. ദൈ
വം മനുഷ്യനെ നിർമ്മിച്ചത് ഇതരവ
സ്തുക്കളിൽനിന്നും വളരെ വ്യത്യസ്തമായ
നിലയിലാണ്. ഇതു് അവൻ തൻെറ
ആനന്ദത്തിൽ നിത്യം ഭാഗഭാക്കാകേണ്ട
തിനായിട്ടാണ്. ദൈവത്തോട ഐക്യ
പ്പെട്ടുകൊണ്ടു അവിടുത്തെ സർവ്വനന്മയി
ലും ഇതരഗുണങ്ങളിലും പങ്കെടുക്കാൻ
വേണ്ട എല്ലാ ഗുണങ്ങളും സ്വാതന്ത്ര്യബു
ദ്ധിയും മനുഷ്യാത്മാവിനു ദൈവം നൽ
കിയിട്ടുണ്ട്.

സ്വാതന്ത്ര്യബുദ്ധിയുള്ളവനെ പ്രകൃതി
യേക്കാൾസ്വാമനസ്സാണുഭരിക്കുന്നതു. ദൈ
വത്തോട സംയോജിപ്പാനൊ തന്നിൽ
നിന്നു അകന്നു ജീവിപ്പാനൊ ഈ സ്വ
മനസ്സുള്ള മനുഷ്യനു കഴിയും. പാപം
ചെയ്യുന്നവൻ ദൈവത്തിൽ നിന്ന്
വേർതിരിഞ്ഞിരിക്കുന്നു. ദൈവനന്മ
വിട്ടുമാറുമ്പോൾ എതിർ ശക്തിയായ
പൈശാചിക ഗുണങ്ങൾ അവനി
ൽ ഉൾപ്രവേശിക്കുന്നു. ആദി പാ
പമോചനത്തോടുകൂടി അവനെ ദൈ
വൈകൃത്തിലേക്ക് പ്രേരിപ്പിക്കുവാൻ
വന്ന പരിശുദ്ധാത്മാവിക്കു പാപക്കു
ണ്ഡായ അവൻെറ ഹൃദയത്തിൽ വസി
പ്പാൻ നിവൃത്തിയില്ലാതെ പുറപ്പെട്ടു
പോകുന്നു. പിന്നത്തെ അവൻെറ സ്ഥി
തി എററം നികൃഷ്ടമാകുന്നു. ദൈവത്തോ
ടു യോജിച്ചിരിക്കാത്തവൻ തൻെറ ശ
ത്രുവാകുന്നു. എയായിടത്തും വ്യാപരിക്കു
ന്ന സർവ്വശക്തൻെറ കരങ്ങൾ അനു
ഗ്രഹസംപൂർണ്ണങ്ങളും കൂടിയല്ലായിരുന്നെ
ങ്കിൽ പാപിയുടെ ചുററും അവനിൽ
തന്നെയും ഉള്ള ദൈവികമായ ശക്തി
നിമിഷമാത്രയിൽ അവനെ നശി
പ്പിച്ചു കള ഞ്ഞേനെ. ഇതാ അവിടുന്ന
നുവദിക്കുന്നപക്ഷം അവൻെറ ജീവ
ചൈതന്യമായ ഹൃദയം ഇനിമേലിൽ
അടിക്കയില്ല. അവൻെറ കാൽചടികൾ
നീങ്ങുകയോ ചെവികേൾക്കുകയൊ ക
ണ്ണുകാണുകയൊ ഇല്ല. അവനു ഈ ദു
ഷ്പ്രവൃത്തികളെ തുടരുവാനൊ അഥ

വാ നന്മയിലേക്കു പിന്തിരിയുവാനൊ ഇനി സമയമുണ്ടാകുന്നതല്ല.

പാപിയുടെ ജീവിതം നിരൎത്ഥകവും അവന്റെ പ്രവൃത്തികൾ തനിക്കും അന്യൎക്കും ദോഷകാരണങ്ങളുമാകുന്നു. എത്ര നല്ല ഭക്ഷ്യപദാൎത്ഥത്തിലും വിഷം ചേൎത്താൽ ജീവഹാനിയുണ്ടാകും. ഇതുപോലെ തന്നെ പാപത്തിൽ ജീവിക്കുന്ന മനുഷ്യൻ എത്ര ബുദ്ധിമാനും സമൎത്ഥനുമായിരുന്നാലും എത്ര നല്ലകാൎയ്യങ്ങൾ അവൻ ചെയ്താലും അവയിലെല്ലാം പാപമാകുന്ന വിഷം വ്യാപിച്ചിരിക്കയാൽ അവ തന്നിലും സഹോദരരിലും ആത്മജീവനെ കൊല്ലുകയൊ ക്ഷീണിപ്പിക്കുകയൊ ചെയ്യുന്നു. ദുഷ്ടൻ ജനിക്കാതിരുന്നെങ്കിൽ നന്നായിരുന്നു എന്ന് പരിശുദ്ധാരൂപി പറഞ്ഞിട്ടുള്ളതു ഇതുകൊണ്ടുതന്നെയാണ്.

പാപം സാക്ഷാൽ പ്രകാശത്തിനെതിരായുള്ള കരിങ്കൽ ഭിത്തിക്കു സമമാണ്. പാപിയുടെ ഹൃദയത്തിൽ നിന്നു ബുദ്ധി, വിവേകം, സ്നേഹം ഇത്യാദികളുടെ ദാതാവായ പരിശുദ്ധാരൂപി വിട്ടുമാറിയിരിക്കയാൽ അവൻ ആത്മീയമായി അന്ധനും ചെകിടനും ഭ്രാന്തനുമായിത്തീരുന്നു. ഉന്നതമായ നിലയിൽ മണിസൌധത്തിൽ വസിച്ചിരുന്ന പ്രഭുവും ഭ്രാന്തുപിടിപെട്ടാൽ എച്ചിലിൽ ഉരുണ്ടു് പന്നികളുടെ ആഹാരം കൊണ്ടു തൃപ്തിപ്പെട്ടെന്നു വന്നേക്കാം. കൺകുരുടനും അശേഷം ബുദ്ധിയില്ലാത്ത മൃഗവും മാണിക്കക്കല്ലിനെ ചവുട്ടി വലിച്ചെറിഞ്ഞേക്കാം. ചെകിടൻ ശ്രവണമധുരമായ സംഗീതശാലയിൽ പ്രവേശിക്കണമെന്നേ വിചാരിക്കയില്ല. പാപത്താൽ സൎവ്വനന്മയായ ദൈവത്തെ വിട്ടു ജീവിക്കുന്ന മനുഷ്യന് ഇതിലേറെ അംഗവൈകല്യങ്ങളുണ്ടു്. അവനു ചെവിയുണ്ടെങ്കിലും കേൾക്കുന്നില്ല, കണ്ണുണ്ടെങ്കിലും കാണുന്നില്ല ബുദ്ധിമാനെങ്കിലും ഗ്രഹിക്കുന്നില്ല എന്നെല്ലാം പറയുന്നതിൽ ഒട്ടും തന്നെ അസംഗത്യമില്ല. പുറമെ കാണുന്ന ഈ പ്രാഭവത്തിന്റെയും സൌന്ദൎയ്യത്തിന്റെയും വൻപിന്റെയും ഉള്ളിൽ ഇതാ അവന്റെ ആത്മാവു് അതിവിരൂപമായി ചത്തതിനൊക്കമെ ജീവിച്ചിരിക്കിലും എന്ന മട്ടിലാണിരിക്കുന്നതു. ഈ ബാഹ്യവേഷമായ ശരീരം തകൎന്നാൽ ഈ ഭയങ്കരസത്വം സ്രഷ്ടാവിന്റെയും അഖില സൃഷ്ടങ്ങളുടെയും മുൻപിൽ എങ്ങിനെ പ്രത്യക്ഷപ്പെടും? പാപികൾ അവസാനദിവസത്തിൽ മലകളെ പൎവ്വതങ്ങളെ ഞങ്ങളെ മൂടുവിൻ എന്നു നിലവിളിക്കുമെന്നു പറയപ്പെട്ടിരിക്കുന്നതു വൃഥായോ?

ഹാ കഷ്ടമെ! സങ്കടമെ! നിത്യാനന്ദസമാധാനത്തിനായി നിൎമ്മിക്കപ്പെട്ട മനുഷ്യനു സ്വന്തസ്വാതന്ത്ര്യദുരുപയോഗത്താൽ വന്നുകൂടുന്ന ഈ ഭയങ്കരനാശത്തെ വിവരിക്കാൻ ആൎക്കു കഴിയും. സ്വൎഗ്ഗീയാരമനയുടെ അവകാശികളായി ദത്തെടുക്കപ്പെട്ട കോമള സുന്ദരഗാത്രരായ ഈ രാജാക്കന്മാർ ഈ ഭൂമിയിൽവന്നു ദൈവവരമെന്ന മനോഹരപ്രകാശവസ്ത്രം ദൂരെക്കളഞ്ഞു പാപമെന്ന കീറിനാറിയ പഴന്തുണിയുടുത്തു ദൈവസ്നേഹം, പരസ്നേഹം മുതലായ ആഭരണങ്ങളെ വിററു അഹങ്കാര കോപമോഹാസൂയാദികളെ അലങ്കാരമെന്നോണം ധരിച്ച് അവയെത്തന്നെ പ്രാൎത്ഥനാപരിത്യാഗാദികൾക്കു പകരം ജീവിതപോരാട്ടത്തിൽ ആയുധമാക്കി നടക്കുന്നതു് എത്രയോ സങ്കടം.

കാലം ഇനിയുമുണ്ടു്. നീതിസൂൎയ്യൻ ഇനിയും പ്രകാശിക്കുന്നുണ്ടു്. യഥാൎത്ഥമായ ജ്ഞാനം അതിന്റെ നിലവിളികളെ നിൎത്തിയിട്ടില്ല. വിരൂപന് സൌന്ദൎയ്യവും ചെകിടനു കേൾവിയും കുരുടനു കാഴ്ചയും നൽകുന്ന സ്വൎഗ്ഗീയ വൈദ്യൻ ഈ ഭൂമിയിൽ തന്നെയുണ്ടു്. ഈ ക്രൂരിരുട്ടിലും കുപ്പക്കുഴിയിലുംനിന്നു നമുക്കു കയറാം. ഇതാ ദൈവമായ മിശിഹായുടെ പീഡാനുഭവഫലമായ വററാത്ത ഉറവയും, എന്നും പ്രവഹിച്ചുകൊണ്ടിരിക്കുന്നജീവജലനദികളും, വരപ്രസാദവാഹിനികളുമായ ദിവ്യകൂദാശകളും പ്രത്യേകം നിത്യജീവന്റെ അപ്പമായ വിശുദ്ധ കുർബാനയും നമ്മുടെ മുമ്പിൽ സ്ഥിതിചെയ്യുന്നു. ഇവയിൽ സങ്കേതം പിടിച്ചുകൊണ്ടു പാപാന്ധകാരത്തിൽനിന്നും വിമോചിതരായി ജ്ഞാനപ്രകാശത്തിൽ വ്യാപരിക്കുന്നതിനു നമുക്കു ശ്രമിക്കാം.

# അകത്തോലിക്ക വാദങ്ങൾക്ക് കത്തോലിക്ക പ്രത്യുത്തരം.

(ഫാദർ പ്ളാസിഡ്, സി. ഡി., പിഎച്ച്. ഡി., ഡി. ഡി., ഡി. സി. എൽ.)

4. ചോ. 381-ൽ സമ്മേളിച്ച കുസ്തന്തീനോപ്പോളിസ് സൂനഹദോസു പഠിപ്പിക്കുന്നതു് റൂഹാ പിതാവിൽ നിന്നു പുറപ്പെടുന്നു എന്നത്രെ. പുത്രനിൽ നിന്നുകൂടെയും പുറപ്പെടുന്നു എന്നു വിശ്വസിക്കുക സൂനഹദോസിന്റെ ഉപദേശത്തിനു വിരുദ്ധമല്ലയൊ?

ഉ. സൂനഹദോസിന്റെ ഉപദേശത്തിൽ നിന്ന് റൂഹാ പിതാവിൽ നിന്നു മാത്രം പുറപ്പെടുന്നു എന്നോ പുത്രനിൽ നിന്നു പുറപ്പെടുന്നില്ല എന്നോ അർത്ഥം സ്ഫുരിക്കുന്നില്ല. സൂനഹദോസ് ഒരു ഭാഗം മാത്രമേ പറയുന്നുള്ളു. മറേ ഭാഗം ഏതെങ്കിലുമാകരുതോ? ആ സ്ഥിതിക്ക് "പുത്രനിൽ നിന്നു കൂടെയും പുറപ്പെടുന്നു" എന്നതു സൂനഹദോസുപദേശത്തിനു എങ്ങിനെ വിരുദ്ധമാകും?

5. ചോ. വേദപുസ്തകത്തിൽ റൂഹാ പുത്രനിൽ നിന്നു എടുക്കുന്നു എന്നു കാണുന്നുണ്ടെങ്കിലും പുറപ്പെടുന്നു എന്നില്ലല്ലോ.

ഉ. വേദപുസ്തകത്തിൽ "പുറപ്പെടുന്നു" എന്ന പദം കാണുന്നില്ല എന്ന ന്യായത്താൽ റൂഹാ പുത്രനിൽ നിന്നു പുറപ്പെടുന്നില്ല എന്നനുമാനിക്കുക അബദ്ധമായിരിക്കും. 'ത്രിത്വം' എന്ന പദം വേദപുസ്തകത്തിലില്ല. ഈ കാരണത്താൽ ത്രീത്വമില്ലെന്നു സുബുദ്ധികൾ വാദിക്കുമോ?

ദൈവിക ആളുകളെ സംബന്ധിച്ചെടത്തോളം "എടുക്കുക" എന്നതിനും "പുറപ്പെടുക" എന്നതിനും ഒരർത്ഥംതന്നെയാണുള്ളതു്. റൂഹാ പുത്രനിൽ നിന്നെടുക്കുന്നതു് എന്താണ്? തന്റെ സ്വഭാവം മുഴുവനും എടുക്കുന്നു എന്നല്ലാതെ അതിൽ ഒരു ഭാഗമോ വേറെ വല്ലതുമോ എടുക്കുന്നതായി വിചാരിക്കുവാൻ പാടില്ല. എങ്ങിനെയാണ് എടുക്കുന്നതു്? ഒരു ശിഷ്യൻ ഗുരുവിൽ നിന്നു അറിവു സമ്പാദിക്കുന്നതുപോലെയല്ല റൂഹാ പുത്രനിൽ നിന്ന് (പുത്രനുള്ളതിൽ നിന്നു: യോഹ. XVI. 13–15.) എടുക്കുന്നതു്. "മേല്കീഴ്" സൂചിപ്പിക്കാത്ത വിധത്തിലാണ് ഇവിടെ 'എടുക്കൽ' മനസ്സിലാക്കേണ്ടതു്. ഒരേ ഒരു ദൈവസ്വഭാവംതന്നെയാണ് പുത്രനും റൂഹായിക്കും ഉള്ളതെങ്കിലും റൂഹായിൽ അതു് മററു രണ്ടാളിൽ നിന്നുള്ളതു് എന്നപോലെയും പുത്രനിൽ (റൂഹായെ സംബന്ധിച്ചെടത്തോളം) വേറൊരാൾ അതിൽ നിന്ന് എന്നതുപോലെയും ആകുന്ന സ്ഥിതിചെയ്യുന്നതു്. ഈ അർത്ഥത്തിൽ മാത്രമാണ് നിത്യമായി ദൈവസ്വഭാവം മുഴുവൻ റൂഹാ "പുത്രന്റേ"തിൽ നിന്ന് (പുത്രനിലുള്ളതിൽ നിന്നു) "എടുക്കുന്നതു്." ഇങ്ങനെയുള്ള "എടുക്കലാ"ണ് കത്തോലിക്കരുടെ "പുറപ്പാടു." പുറപ്പാടെന്നു പറയുമ്പോൾ ദൈവത്തിൽ ഈ അർത്ഥമാണ് മനസ്സിലാക്കേണ്ടതും. ഈ അർത്ഥത്തിലല്ലാതെ വേറെ ഏതെങ്കിലും വിധത്തിൽ "എടുക്കൽ" മനസ്സിലാക്കിയാൽ ദൈവത്തെ സംബന്ധിച്ചെടത്തോളം അതൊരു അപൂർണ്ണതയായിരിക്കും, "മേല്കീഴ്" അവിടെ പ്രത്യക്ഷപ്പെടും. ഇതു് ദൈവികലക്ഷണങ്ങൾക്കും വെളിപാടിനും വിരുദ്ധമാണ്.

പുത്രനും റൂഹായും തമ്മിൽ എങ്ങനെയെന്നു കാണിക്കുവാൻ "പുറപ്പാടു" എന്ന പദം വേദപുസ്തകം ഉപയോഗിച്ചിട്ടില്ല. എങ്കിലും "എടുക്കൽ" "പുറപ്പാടു" തന്നെയാണെന്ന് (മേൽവിവരിച്ച അർത്ഥത്തിൽ) ശാസ്ത്രജ്ഞന്മാർ വിധിക്കും. തിരുസഭ ഈ പദം സ്വീകരിച്ച് നമ്മുടെ വിശ്വാസം പ്രകടിപ്പിക്കുവാനുള്ള മാർഗ്ഗമായി നമുക്കു അതു കാണിച്ചു തരികയും അതുപയോഗിക്കുവാൻ നമ്മോടു കല്പിക്കയും ചെയ്യുന്നു. ഇതു് അധികാരം വിട്ടുള്ള ഒരു പ്രവൃത്തിയാണെന്നു ആരു

വിധിക്കും? വിശ്വാസതത്വങ്ങൾ പഠിപ്പിക്കുവാനുള്ള അധികാരത്തിൽ പദനിർണ്ണയത്തിനുള്ള അധികാരവും ഉൾപ്പെടേണ്ടയോ?

6. ചോ. കത്തോലിക്കാസഭ "പുത്രനിൽ നിന്നു കൂടെയും" (Filioque) എന്നു വിശ്വാസപ്രമാണത്തിൽ കൂട്ടിച്ചേർത്തതു് അബദ്ധമല്ലയോ?

ഉ. വിശ്വാസതത്വങ്ങൾ എല്ലാം സമഷ്ടിയായി ക്രോഡീകരിക്കുന്ന വിശ്വാസപ്രമാണത്തിൽ ഈ സത്യം കൂട്ടിച്ചേർത്തതിൽ എന്തബദ്ധമാണുള്ളതു്. വിശ്വാസം പ്രകാശിപ്പിക്കുവാനുള്ള ഒരു മാർഗ്ഗമല്ലയൊ വിശ്വാസപ്രമാണം?

7. ചോ. ഇതും ചേർക്കേണ്ട ആവശ്യമുണ്ടായിരുന്നെങ്കിൽ 381-ലെ കുസ്തന്തിനോപ്പോലിസ് സൂനഹദോസ് ചേർക്കുമായിരുന്നല്ലൊ.

ഉ. അന്നു ചേർക്കുവാൻ ആവശ്യമുണ്ടായിരുന്നെങ്കിൽ ചേർക്കുമായിരുന്നു. പക്ഷെ റൂഹാ പിതാവിനോടു സമനല്ലെന്നു പഠിപ്പിച്ചിരുന്ന മാക്കേദോനിയൂസിനു വിരോധമായിട്ടാണു് റൂഹായെപ്പറ്റിയുള്ള ഭാഗം അന്നു വിശ്വാസപ്രമാണത്തിൽ (നിക്കിയാ വിശ്വാസപ്രമാണത്തിൽ) ചേർത്തതു്. റൂഹാ പുത്രനിൽ നിന്നു പുറപ്പെടുന്നില്ല എന്നു പഠിപ്പിച്ചിരുന്നവരെ ഉദ്ദേശിച്ചു വിശ്വാസപ്രമാണം നിർമ്മിച്ചിരുന്നെങ്കിൽ വിവാദഭാഗവും അതിൽ ചേർക്കുമായിരുന്നു.

വിശ്വാസപ്രമാണം ഓരോ ആവശ്യം പ്രമാണിച്ചു് ഉണ്ടാക്കപ്പെട്ടതും ഓരോ ആവശ്യം പ്രമാണിച്ചു് പലതും അതിൽ കൂട്ടിച്ചേർക്കപ്പെട്ടിട്ടുള്ളതും ആണു്. നിക്കിയാ വിശ്വാസപ്രമാണത്തോടു ചിലതെല്ലാം കുസ്തന്തിനോപ്പോലിസ് സൂനഹദോസ് കൂട്ടിച്ചേർത്തതിൽ നിന്നു് ആവശ്യം പ്രമാണിച്ചു് അങ്ങിനെ ചെയ്യുക പാപമൊ അബദ്ധമൊ അല്ലെന്നു വ്യക്തമാകുന്നു. ചിലപ്പോൾ അങ്ങിനെ ചെയ്യുവാൻ ആവശ്യവും നേരിടും എന്നും ഇതിൽ നിന്നു സ്പഷ്ടമാകുന്നില്ലയോ? മാത്രമല്ല, ഇങ്ങിനെ ആവശ്യം നോക്കി ഓരോന്നു വിശ്വാസപ്രമാണത്തിൽ കൂട്ടിച്ചേർക്കേണ്ടാവശ്യമില്ലെന്നാണെങ്കിൽ, ശ്ലീഹന്മാരുടെ വിശ്വാസപ്രമാണം തന്നെ ഉണ്ടായിരിക്കെ, നിക്കിയായിൽ വേറൊരു വിശ്വാസപ്രമാണം ഉണ്ടാക്കാനുള്ള ആവശ്യകതയെന്തു്?

8. ചോ. നിക്കിയായിൽ നിർണ്ണയിക്കപ്പെട്ടതിനു പുറമെ വേറൊരു വിശ്വാസം ആരും ഉണ്ടാക്കരുതെന്നു 431-ൽ അപ്പേസൂസു സൂനഹദോസു നിശ്ചയിച്ചിട്ടുണ്ടു്. നിക്കിയായിൽ (325) റൂഹായെക്കുറിച്ചുള്ള ഭാഗം നിർണ്ണയിക്കപ്പെട്ടില്ല. ആകയാൽ അതു ചേർക്കുക ശരിയല്ല.

ഉ. നിക്കിയായിലെ നിശ്ചയം ഗ്രീക്കിലായിരുന്നു. "നിക്കിയായിൽ നിർണ്ണയിക്കപ്പെട്ടതിനു പുറമെ" എന്നതിനു് ഗ്രീക്കു മൂലത്തിൽ "നിക്കിയായിൽ നിർണ്ണയിക്കപ്പെട്ടതിനു വിരുദ്ധമായി" എന്നും അർത്ഥമുണ്ടു്. "നിക്കിയായിൽ നിർണ്ണയിക്കപ്പെട്ടതിനു പുറമെ" എന്ന അർത്ഥം ഇവിടെ സ്വീകാര്യമല്ല. എന്തെന്നാൽ അപ്പേസൂസു സൂനഹദോസു തന്നെയും നിക്കിയാ നിർണ്ണയിക്കാഞ്ഞ ചില വിശ്വാസ തത്വങ്ങൾ നിർണ്ണയിച്ചിട്ടുണ്ടു്. (ഉദാഹരണം: "മറിയം ദൈവമാതാവാകുന്നു" എന്ന സത്യം). കൂടാതെയും, നിക്കിയായോടുകൂടി നിർണ്ണയങ്ങൾക്കു് അവസാനം വന്നെങ്കിൽ, തർക്കമുണ്ടാകുമ്പോൾ സംശയംതീർത്തു് സത്യം നിർണ്ണയിക്കുവാനായി തിരുസഭയ്ക്കു നൽകപ്പെട്ട പഠിപ്പിക്കുവാനുള്ള അധികാരത്തിനു് നിക്കിയായിൽ വച്ചു് അവസാനം വന്നെന്നു പറയേണ്ടിവരും. കുറഞ്ഞപക്ഷം ആ അധികാരത്തിന്റെ വ്യാപ്തി കുറക്കേണ്ടതായിട്ടെങ്കിലും വരും. എന്നാൽ ലോകാവസാനം വരെ തന്റെ അധികാരത്തോടുകൂടി പഠിപ്പിക്കുവാനാണു് മിശിഹാ സഭയോടു പ്രമാണിച്ചിരിക്കുന്നതു്. പ്രസ്തുത അധികാരത്തിനു ആരംഭത്തിലുണ്ടായിരുന്ന വ്യാപ്തിതന്നെ ലോകാവസാനംവരെ ഉണ്ടായിരിക്കണം. എന്നതിൽ സംശയത്തിനു അവകാശമില്ല. ആകയാൽ "നിക്കിയായിൽ നിർണ്ണയിക്കപ്പെട്ടതിനു <u>വിരുദ്ധമായി</u>" എന്നാണു് അപ്പേസൂസു സൂനഹദോസിന്റെ നിശ്ചയം. പുത്രനിൽ നിന്നുകൂടെയും റൂഹാ പുറപ്പെടുന്നു എന്നതു് വിശ്വാസത്തിനു വിരുദ്ധമല്ല. നിക്കിയായിൽ ഈ വിഷയം ആലോചനക്കെടുക്ക പോലും ചെയ്തില്ല.

### ൧൯൩൦ നവംബറിലെ തിരുഹൃദയഭക്തരുടെ

# പൊതുനിയോഗം.

### ശുദ്ധീകരണസ്ഥലത്തിലെ ആത്മാക്കളെ സഹായിക്ക.



മരണശേഷം അല്പപാപങ്ങൾക്കും പൊറുതി ലഭിച്ച കഠിന പാപങ്ങൾക്കും വേണ്ടി പരിഹാരം ചെയ്യുന്നതിനായി ആത്മാക്കൾ ഒരു മദ്ധ്യസ്ഥലത്തു പീഡകൾ അനുഭവിക്കുമെന്നുള്ളതു കത്തോലിക്കാ സഭയുടെ വിശ്വാസമാണ്. ഈ സത്യം വേദപുസ്തകത്തിൽ വിശദമായി രേഖപ്പെടുത്തിയിട്ടുള്ളതാണെന്നുമാത്രമല്ല, സ്വഭാവന്യായവും ഇതിനെ ബലപ്പെടുത്തുന്നുണ്ട്.

എന്നാൽ ആത്മാക്കൾ പരിഹാരകടം നിറവേറുന്ന ഈ ശുദ്ധീകരണസ്ഥലത്തിൽ ഉൾപെട്ടാൽ അവിടെ നിന്നു രക്ഷപെടണമെങ്കിൽ തങ്ങൾ തന്നെയൊ തങ്ങൾക്കുവേണ്ടി ശേഷംപേരൊ ആ പരിഹാരകടം നിറവേററിയേ മതിയാവൂ. ശുദ്ധീകരണസ്ഥലത്തിൽ വെച്ചു പരിഹാരകടം നിറവേററുക എന്നതു വളരെ ഭയങ്കരമായ പീഡയനുഭവിച്ചു വേണം. നേരേമറിച്ചു ഈ ലോകത്തിൽ ജീവിക്കുന്ന നീതിമാന്മാർ ചെയ്യുന്നസാമാന്യ പ്രവൃത്തികൾക്കു കൂടെയും ശുദ്ധീകരണസ്ഥലത്തിലെ പരിഹാരകടം ഗണ്യമായി കുറക്കുവാനുള്ള ശക്തിയുണ്ടു. തിരുസ്സഭ അനുവദിക്കുന്ന ദണ്ഡവിമോചനങ്ങൾ പ്രാപിക്കുന്നവർക്കു ശുദ്ധീകരണാത്മാക്കളെ വളരെ സഹായിക്കുന്നതിനു കഴിയും.

ജീവിച്ചിരിക്കുന്ന തങ്ങളുടെ ബന്ധുമിത്രാദികളുടെ സഹായം സദാ പ്രതീക്ഷിച്ചുകൊണ്ട് അതികഠിനമായ വേദനകൾ അനുഭവിക്കുന്ന ശുദ്ധീകരണാത്മാക്കളെ സഹായിക്കാനുള്ള ചുമതല നമുക്കുണ്ട്. ഈ ചുമതല നിർവ്വഹിക്കുന്നതിനു തിരുസ്സഭ വിശ്വാസികളെ സദാ പ്രോത്സാഹിപ്പിച്ചുവരുന്നു. സന്ധ്യകഴിഞ്ഞു ശുദ്ധീകരണാത്മാക്കൾക്കു വേണ്ടി പ്രാർത്ഥിക്കുന്നതിനുള്ള മണി, തിങ്കളാഴ്ചഭക്തി, ആത്മാക്കളുടെവർണ്ണക്കമാസം, സകല മരിച്ച വിശ്വാസികളുടെ സ്മരണദിവസം മുതലായതുകളാൽ നാനാപ്രകാരത്തിൽ തിരുസ്സഭ ശുദ്ധീകരണാത്മാക്കളെ സഹായിക്കുന്നതിനു വിശ്വാസികളെ പ്രോത്സാഹിപ്പിക്കുന്നു.

ശുദ്ധീകരണാത്മാക്കളെ സഹായിക്കുന്നതിനുള്ള ഉത്സാഹം ഇനിയും ഒന്നിനൊന്നു വർദ്ധിക്കണമെന്നാഗ്രഹിച്ചുകൊണ്ട് ഈ മാസം മുഴുവൻ തിരുഹൃദയഭക്തന്മാർ ഈ കാര്യസാദ്ധ്യത്തിനായി പ്രത്യേകം പ്രാർത്ഥിക്കണമെന്നു നമ്മുടെ പരിശുദ്ധ പിതാവു് നിശ്ചയിച്ചിരിക്കുന്നു.

ഡിസംബർ— "പരിശുദ്ധ പിതാവിൻെറ ജൂബിലിയെക്കുറിച്ചു് ദൈവത്തിനു നന്ദി".

### കത്തോലിക്കർ

# വിശാലബുദ്ധികളാണോ?

ഏവരും കാര്യമായി ഗണിക്കുന്നതും ചില മനുഷ്യരിൽ പ്രത്യേകം വിളങ്ങിക്കാണുന്നതുമായ ഒരു ഗുണമാണ് ബുദ്ധിവിശാലത. ഇതു് ഒരുവന്റെ മാഹാത്മ്യത്തേയും ഔദാര്യത്തേയും അസാമാന്യബുദ്ധിശക്തിയേയും കുറിക്കുന്ന ഏററം അഭിനന്ദനീയമായ ഒരു ഗുണവിശേഷമാണ്. അഭിപ്രായങ്ങളിൽ വിസ്തീർണ്ണതയും മതഭ്രാന്തിയിൽ വിമുഖതയും പ്രദർശിപ്പിക്കുന്നതാണ് സ്വാതന്ത്ര്യേച്ഛുവും പക്ഷപാതരഹിതയുമായ ഇതിന്റെ സ്വഭാവം. ഇത്ര മഹത്തരമായ ഈ ബുദ്ധിവിശാലതയെ സംബന്ധിക്കുന്ന ചില മൂലതത്വങ്ങൾ ഏവരും പ്രത്യേകം അറിഞ്ഞിരിക്കേണ്ടതായുണ്ടു്.

നമുക്കു അജ്ഞാതമായിരിക്കുന്ന ഏതു സംഗതിയിലും ബുദ്ധിവിശാലത പ്രദർശിപ്പിക്കാം. എന്നാൽ ആ സംഗതിയിൽ സൂക്ഷ്മജ്ഞാനം സിദ്ധിക്കുന്ന ക്ഷണംമുതൽ അതിൽ ബുദ്ധിവിശാലത പ്രദർശിപ്പിക്കാൻ നിവൃത്തിയില്ല. ഉദാഹരണമായി രണ്ടും രണ്ടും കൂടിയതു നാലാണ്; സിലോൺ ഇൻഡ്യയുടെ തെക്കു ഭാഗത്തു സ്ഥിതിചെയ്യുന്നു, സൂര്യൻ ഭൂമിയെക്കാൾ അനേകമടങ്ങു വലുതാണ്; ഒരു ശരീരവും ഒരാത്മാവും കൂടിയ സൃഷ്ടിയാണ് മനുഷ്യൻ; തിരുവിതാംകൂറിന്റെ തലസ്ഥാനപട്ടണം തിരുവനന്തപുരമാണ്; ബ്രിട്ടീഷ് സാമ്റാജ്യത്തിന്റെ ഇപ്പോഴത്തെ ചക്രവർത്തി ജോർജ്ജ പഞ്ചമനാണ് എന്നീ സംഗതികളിൽ ബുദ്ധിവിശാലത പ്രദർശിപ്പിക്കാൻ ഒരുത്തനും സ്വാതന്ത്ര്യമില്ല. അഥവാ ഇവയിൽ ഏതിലെങ്കിലും ഒന്നിൽ ഒരുവൻ ബുദ്ധിവിശാലത കാണിക്കുന്നുവെന്നു വന്നാൽ അവൻ ആ സംഗതി ബന്ധിച്ചു അജ്ഞനാണെന്നു മാത്രമേ നാം വിധിക്കയുള്ളു.

നാം വസിക്കുന്ന ഈ ഭൂമി പരന്നതോ ഉരുണ്ടതോ എന്നതു ഒരു തർക്കവിഷയമായിരുന്ന പൂർവ്വകാലത്തു ജീവിച്ചിരുന്നവർക്ക് അക്കാര്യത്തിൽ തങ്ങൾ വിശാലബുദ്ധികളെന്നു കാണിക്കാമായിരുന്നു. എന്നാൽ ശാസ്ത്രീയ പരിശോധനകളുടെ ഫലമായി ഭൂമി ഒരു ഗോളമാണെന്നു തീർച്ചയായിരിക്കുന്ന ഈ ആധുനിക കാലത്തു പ്രസ്തുത സംഗതിയിൽ വിശാലത പ്രദർശിപ്പിക്കാൻ നമ്മുടെ മനസ്സിനു സ്വാതന്ത്ര്യമില്ല. അതു ഉരുണ്ടതാണെന്നുതന്നെ നാം സമ്മതിച്ചേ കഴിയൂ. പരമാർത്ഥമായ ബുദ്ധിവിശാലതയുടെ ലക്ഷണം എപ്പോഴും സത്യത്തെ സാദരം സ്വീകരിക്കുന്നതാണ്. പ്രത്യുത, നമ്മെ സ്വതന്ത്രരാക്കിത്തീർക്കുന്നതു സത്യമാണ് ബുദ്ധിവിശാലതയല്ല.

മതസത്യങ്ങളെ നാം അറിയാതിരിക്കുന്ന കാലത്തോളം അവയിൽ നമുക്കു ബുദ്ധിവിശാലത കാണിക്കാം. എന്നാൽ മതസത്യങ്ങൾ നമ്മുടെ ബോധത്തിനു് പ്രകാശിതമാകുന്ന ക്ഷണത്തിൽ അവയെ നമ്മുടെ മനസ്സു അവശ്യം വിശ്വസിക്കയും, ആ സത്യങ്ങൾക്കു വിപരീതമായുള്ളവ എല്ലാം നിഷേധിക്കയും ചെയ്യേ മതിയാവൂ. ഈ സ്ഥിതിക്കു താൻ (സത്യമെന്നു കണ്ടിട്ടു്) അവലംബിച്ചിരിക്കുന്ന മതത്തിന്റെ കാതലായ സിദ്ധാന്തങ്ങൾക്കു് വിരുദ്ധങ്ങളായുള്ള ബോധനങ്ങളിൽ ബുദ്ധിവിശാലത പ്രദർശിപ്പിക്കുന്നവൻ അജ്ഞനും, സ്വന്ത മതത്തിൽതന്നെ അസ്ഥിരനും ആണെന്നല്ലയൊ ഗണിക്കേണ്ടതു?

ക്രിസ്തു നാം വിശ്വസിക്കേണ്ടതായി നമ്മെ യാതൊന്നും പഠിപ്പിച്ചിട്ടില്ലായിരുന്നുവെങ്കിൽ, മതസംബന്ധമായ പല സംഗതികളിലും നമുക്കു ബുദ്ധിവിശാലത പ്രദർശിപ്പിക്കാമായിരുന്നു. പക്ഷെ നിത്യസത്യമായ അവിടുന്നു ചില ബോധനങ്ങളെ ദൈവനിവേശിതങ്ങളായ സത്യങ്ങളായും, ശിക്ഷാവിധിയിൻകീഴ് ഏവരും വിശ്വസിക്കേണ്ടവയായും പ്രസിദ്ധപ്പെടുത്തിയിരിക്കെ, അവയെ സ്വീകരിക്കാതിരിക്കുന്നതിനോ, അവയ്ക്കു വിപരീതമായുള്ളതുകളെ സ്വീകരിക്കു




കോട്ടാർ രൂപതയുടെ അഭിനവമെത്രാൻ

നി. വ: ദിവ്യശ്രീ ലോറൻസ് പെരയിരാ

തിരുമനസ്സുകൊണ്ട്.

5—10—'30.

ന്നതിന്നൊത്തക്കം സ്വാതന്ത്ര്യമില്ലതന്നെ ഇതരമതസ്ഥർ സ്വന്തം മതബോധനങ്ങളിൽ പ്രദൎശിപ്പിച്ചു വരുന്നതായിക്കാണുന്ന ആ വിശാലമനസ്സത കത്തോലിക്കർ സ്വന്തം മതബോധനങ്ങളിൽ കാണിക്കുന്നില്ലെന്നുള്ളതു് പരമാൎത്ഥമാണ്. ഇതിൻെറ കാരണമാകട്ടെ, മേൽപറഞ്ഞിട്ടുള്ളവയിൽ നിന്നു വിശദമായിരിക്കുന്നതുപോലെ, സത്യമതം ഒന്നേയുണ്ടാകാവുയെന്നും അതു തങ്ങളുടേതു മാത്രമാണെന്നും കത്തോലിക്കൎക്കു് പൂൎണ്ണബോദ്ധ്യമുണ്ടു്, ഇതരമതസ്ഥൎക്കു സ്വന്ത മതത്തെ സംബന്ധിച്ചിടത്തോളം ഈ ബോദ്ധ്യമില്ല എന്നുള്ളതാണ്.

# ക: നാഥയുടെ കുഞ്ഞുമക്കൾക്ക്.

'ഉപവി ക്ഷമയുള്ളതാകുന്നു.'

പ്രിയ കുഞ്ഞുങ്ങളേ,

ഉപവിയുടെ ലക്ഷണങ്ങളേപ്പററിയാണല്ലോ കഴിഞ്ഞ തവണ പറഞ്ഞതു. ഉപവിയുടെ ഒന്നാമത്തെ ലക്ഷണം ക്ഷമയാണ്. മററുള്ളവരെ നാം സ്നേഹിക്കുന്നുവെങ്കിൽ അവരുടെ ന്യൂനതകളും കുറവുകളും നാം ക്ഷമയോടെ സഹിക്കണം. നാം പരമാൎത്ഥമായി സ്നേഹിക്കുന്നവരുടെ തെററുകൾ നാം വേഗത്തിൽ ക്ഷമിക്കും. മാത്രമല്ല അവ പലപ്പോഴും തെററുകളായി നമുക്കുതോന്നുകപോലുമില്ല. എന്നാൽ നേരെമറിച്ചു്, നാം ദ്വേഷിക്കുന്ന ആളുകളുടെ പ്രവൃത്തികൾ, അവ കുററരഹിതങ്ങളായിരുന്നാലും, പലപ്പോഴും കുററകരമായിട്ടാണു നമുക്കു തോന്നുക. ഈ വ്യത്യാസം അവരുടെ പ്രവൃത്തികളിലെന്നതിനെക്കാൾ നമ്മുടെ മന:സ്ഥിതിയിൽ നിന്നു വരുന്നതാണ്. പച്ചക്കണ്ണാടിവച്ചു് നോക്കുന്നവർ കാണുന്നതെല്ലാം പച്ചനിറമായിരിക്കുമെല്ലോ. സ്വന്തം കുററങ്ങളാണ് പൊതുവിൽ ഓരോരുത്തനും സാധാരണയായി ഏററം ലഘുവും ക്ഷന്തവ്യവുമായി തോന്നുന്നതു. ഇതിൻെറ കാരണം മറേറവരേയുംകാൾ നാം നമ്മെത്തന്നെ കൂടുതലായി സ്നേഹിക്കുന്നതാണ്. ദിവ്യരക്ഷകൻെറ ഉപദേശാനുസരണം നാം നമ്മേപ്പോലെതന്നെ മററുള്ളവരെയും സ്നേഹിക്കുന്നെങ്കിൽ അവരുടെ കുറവുകളെ എളുപ്പത്തിൽ നാം ക്ഷമിക്കും. നമ്മുടെ അവയവങ്ങളിൽ ഒന്നിനു ഒരു ന്യൂനത അഥവാ കേടുതട്ടിയാൽ മററവയവങ്ങൾ ഒട്ടും കോപിക്കാതെയും ദ്വേഷിക്കാതെയും അതിൻെറ കേടുനീക്കുന്നതിലേക്കു ഒത്തൊരുമിച്ചു ശ്രമിക്കുന്നു. ഇതരന്മാരോടുള്ള പെരുമാററത്തിൽ ഇതു നമുക്കു സദാ ഒരു മാൎഗ്ഗദൎശിയായിരിക്കേണ്ടതാണ്. അകയാൽ ഈ ക്ഷമ സമ്പാദിക്കത്തക്കവണ്ണം എവരെയും ഹൃദയപൂൎവ്വം മിശിഹായിൽ സ്നേഹിക്കാൻ കുഞ്ഞുമക്കൾ ശ്രമിക്കണം.

## ഈ മാസത്തെ മദ്ധ്യസ്ഥൻ— വി. എഡ്മെണ്ട്.

(തിരുനാൾ നവംബർ ൧൬.)

ഒരു ഇംഗ്ലീഷുകാരനായ വി. എഡ്മെണ്ട് 12-ാം ശതകത്തിൻെറ ഒടുവിൽ ഭക്തരായ മാതാപിതാക്കളിൽനിന്നു ജാതനായി. അസാമാന്യ ഭക്തിയുള്ളവളായിരുന്ന മാതാവു ഈ വിശുദ്ധൻെറ ബാലഹൃദയത്തിൽ ശുദ്ധതയെന്ന പുണ്യത്തിന്മേലുള്ള താല്പൎയ്യവും ദേവമാതാവിനോടുള്ള ഭക്തിയും അങ്കുരിപ്പിച്ചു. എഡ്മെണ്ട് പാരീസിൽ വിദ്യാഭ്യാസം പൂൎത്തിയാക്കിയ ശേഷം ഫ്രാൻസിൽ തന്നെ കുറെക്കാലം അദ്ധ്യാപകജോലി നിൎവ്വഹിച്ചു. തദനന്തരം ഓക്സ്ഫോ

ർഡിൽ തത്വശാസ്ത്രം പഠിപ്പിക്കയുണ്ടായി. I234-ൽ കാൻറർബറി മെത്രാനായി നിയമിക്കപ്പെട്ടു. രാജാവിൻെറ അഴിമതികളെ അനുവദിച്ചുകൊടുക്കായ്കയാൽ ഹെൻറി തൃതീയൻെറ അതൃപ്തിക്കു പാത്രീഭൂതനായി, തൻെറ മുൻഗാമിയായ വി. തോമസ് ബക്കററിനേപ്പോലെ ഫ്രാൻസിലേക്കു നാടുകടത്തപ്പെട്ടു. അവിടെവച്ചു 1242-ൽ ഭാഗ്യമരണം പ്രാപിച്ചു. ഓക്സഫോർഡിലെ ദേവാലയത്തിൽവച്ചു ദേവമാതാവിന് തന്നെത്തന്നെ ചെറുപ്പത്തിൽ പ്രതിഷ്ഠിക്കയുണ്ടായി. ഏവംവിധം ഈ പരിശുദ്ധ അമ്മയോടു ഐക്യപ്പെട്ടതിൻെറ ഓർമ്മക്കായി ഒരു മോതിരം രാപകൽ ധരിച്ചുവന്നിരുന്നു. പഠനസമയത്തു മാതാവിൻെറ രൂപം മേശപ്പുറത്തു എല്ലായ്പോഴും ഇദ്ദേഹം വച്ചിരുന്നു. കഠിനയുദ്ധം കഴിഞ്ഞു മരണം പ്രാപിക്കാറായപ്പോൾ മാതാവിനോടുള്ള സ്നേഹം പൂർവ്വാധികം പ്രകാശപൂർണ്ണമായിത്തീർന്നു. പരമസന്തോഷത്തോടുകൂടി അന്ത്യകൂദാശകൾ കൈക്കൊണ്ടതിൻെറ ശേഷം വ്യാകുലമാതാവിൻെറ പ്രതിമയും പാടുപെട്ട സ്വരൂപവും തൻെറ പക്കൽ കൊണ്ടുവരുന്നതിനു ആവശ്യപ്പെടുകയും ഇവയെ മനസ്സലിവോടുകൂടി ചുംബനംചെയ്കയും ചെയ്തു ശേഷം തറയിൽ കിടക്കുകയും തൻെറ ആത്മാവുപിരിയുന്നതുവരെ തനിക്കു കാണത്തക്കവിധത്തിൽ ഈ സ്വരൂപങ്ങൾ തൻെറ അടുക്കൽ ഉണ്ടായിരിക്കത്തക്കവിധം ഏർപ്പാടുചെയ്കയും ചെയ്തു.

"മറിയ ഭക്തനായ വി. എഡ്മെണ്ടേ! ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമെ."

## പുസ്തകാഭിപ്രായം.

### "നിരീശ്വരവാദധ്വംസനം"

ഈ കടശികാലത്തു കേരളത്തിൽ ചില നിരീശ്വരന്മാർ തലപൊക്കി തുടങ്ങിയിരിക്കുന്നു. അമേരിക്കായിലേയും റഷ്യായിലേയും മററും നിരീശ്വരന്മാർ പുറപ്പെടുവിച്ചിട്ടുള്ള കുയുക്തികളും ഭീഷണികളും ഇവർ തർജ്ജമ ചെയ്തു നാട്ടിൽ പ്രചരിപ്പിക്കുന്നു. ഇവരുടെ തന്ത്രത്തിൽ ദൈവഭക്തരായ കേരളീയർ അകപ്പെട്ടുപോകാതിരിപ്പാൻ, പാലയൂർ പള്ളിവികാരി അക്കരെ ബ. പീയൂസച്ചനവർകൾ റവ. ഹിൽ ഇംഗ്ലീഷിൽ രചിച്ചിട്ടുള്ള "ഒരു കത്തോലിക്കൻെറ ആസന്ന ഉത്തരം" എന്ന പുസ്തകത്തിൽനിന്നു ഒരു അദ്ധ്യായം മാത്രം തർജ്ജമ ചെയ്തു, പരീക്ഷാർത്ഥം പ്രസിദ്ധപ്പെടുത്തിയിരിക്കുന്നു. "നിരീശ്വരവാദധ്വംസനം" എന്ന അഭിധാനത്തിൽ പുറപ്പെട്ടിരിക്കുന്ന ഈ ചെറു പുസ്തകം കാലോചിതമായിരിക്കുന്നു; നിരീശ്വരന്മാരുടെ കുയുക്തികളെ ഖണ്ഡിക്കുന്നതിനു പര്യാപ്തമാണ്. ചാവക്കാട്ടു ബാലദീപം പ്രസിൽ അച്ചടിച്ചിട്ടുള്ള ഈ ചെറുപുസ്തകത്തിനു 1 അണ മാത്രമെ വിലയുള്ളൂ. ബ. പീയൂസച്ചനവർകൾ പരോപകാരാർത്ഥം ആരംഭിച്ച ഈ ജോലി നല്ലപോലെ തുടർന്നു കാണ്മാൻ ആഗ്രഹിക്കുന്നു. ഭാഷ ലളിതമാണ്. അച്ചടി അല്പംകൂടി നന്നായിരുന്നാൽ പുസ്തകം കുറെക്കൂടെ ആകർഷണീയമായിരിക്കും.

# വർത്തമാന സംഗ്രഹം.

### അടുത്ത ദിവ്യകാരുണ്യസമ്മേളനം

ഡബ്ളിനിൽവെച്ചു 1932ൽ നടക്കുവാനിരിക്കുന്ന വി. കുർബ്ബാനയുടെ സമ്മേളനത്തിൻെറ ചെലവിലേക്കുള്ള പണപ്പിരിവു ഊർജ്ജിതമായി നടന്നുവരുന്നു. ഐർലണ്ടിലെ ബാങ്കുകാരെല്ലാം ഓരോരുത്തർ കൊടുക്കുന്ന സംഖ്യ സ്വീകരിച്ചു ഡബ്ളിനിലേക്ക്

അയച്ചുകൊടുക്കാൻ വേണ്ട വ്യവസ്ഥകൾ ചെയ്തിട്ടുണ്ട്. മിക്ക ബാങ്കുകളുടെയും നായകന്മാർ ഗണ്യമായ തുകകൾ ധനശേഖരത്തിലേക്കു ദാനം ചെയ്തുകഴിഞ്ഞിരിക്കുന്നു. ആർതൻഗിന്നസ് ആൻഡ് കോ എന്നവർ ആയിരം പവനാണു സംഭാവന ചെയ്തിരിക്കുന്നതു. മദ്രാസു മെത്രാപ്പോലീത്താ മോൻസിഞ്ഞോർ യുജീൻ മെഡെലെ സമ്മേളനത്തിൽ സംബന്ധിക്കുന്നതാണെന്നു ഭാരവാഹികളേ അറിയിച്ചിട്ടുണ്ട്.

നേപ്പിൾസിലെ അത്ഭുതം— ആണ്ടുതോറുംസെപ്റ്റംബർ 19—ാംനു- നേപ്പിൾസ് കത്തീഡ്റാലിലുള്ള വി. ജനുവാരിയൂസ് വേദ സാക്ഷിയുടെ രക്തം ഉരുകുന്ന അത്ഭുതം ഇക്കൊല്ലവും സംഭവിച്ചിരിക്കുന്നു. ൯. ൩൦-നാണത്ഭുതം സംഭവിച്ചതു- ൯ മണി മുതൽതന്നെ ജനങ്ങൾ കൂട്ടംകൂട്ടമായി പള്ളിയിലേക്കു വന്നിരുന്നു. കത്തീഡ്രലിലെ വെള്ളിമണികളുടെ ധ്വനിയും വെടിമരുന്നുശാലയിൽ നിന്നുള്ള ഇരുപത്തൊന്നു ആചാരവെടികളും അത്ഭുതം നടന്നതായി എല്ലാവരേയും അറിയിച്ചു. ഉടനേ തന്നെ നേപ്പിൾസിലെ ദേവാലയങ്ങളിലെ മണികളും ഈ സംഭവം എല്ലാവരേയും അറിയിക്കുമാറു അടിക്കുകയുണ്ടായി. വി. ജനുവാരിയൂസ് വേദസാക്ഷി നേപ്പിൾസിലെ മെത്രാനായിരുന്നു. ഈ വിശുദ്ധനാണു ആ പട്ടണത്തിന്റെ മദ്ധ്യസ്ഥൻ.

തിരുബാല്യ സഖ്യത— അജ്ഞാനമാതാപിതാക്കന്മാരിൽനിന്നു ജനിച്ചു ശൈശവത്തിൽതന്നെ അനാഥകളായിത്തീരുന്ന ശിശുക്കളെ സംരക്ഷിക്കുന്നതിനുള്ള ഒരു സഖ്യതയാണല്ലോ തിരു ബാല്യസഖ്യത. ഈ സഖ്യത സ്ഥാപിതമായതിൽ പിന്നെ രണ്ടു കോടി ൨൰ ലക്ഷം ശിശുക്കളെ സംരക്ഷിച്ചിട്ടുള്ളതായി കണക്കുകൾ കൊണ്ടു കാണുന്നു. ഈ ശിശുക്കളിൽ ഭൂരിപക്ഷവും ജ്ഞാനസ്നാനം സ്വീകരിച്ചിട്ടു അധികം കഴിയുന്നതിനു മുമ്പു മരിച്ചുപോകയാണു ചെയ്തിട്ടുള്ളതു. തിരുബാല്യ സഖ്യത രക്ഷിച്ച ശിശുക്കളിൽ രണ്ടുപേർ മെത്രാന്മാരായി എന്നുള്ളതും പ്രത്യേകം പ്രസ്താവ്യമാണ്.

രോഗികളെ ശുശ്രൂഷിക്കുന്നവരുടെ മദ്ധ്യസ്ഥന്മാർ— വി. യോഹന്നാൻ ദാലാഹായേയും വി. കമീലോസിനേയും രോഗികളെ ശുശ്രൂഷിക്കുന്ന സ്ത്രീപുരുഷന്മാരുടെ മദ്ധ്യസ്ഥന്മാരായി പരിശുദ്ധപിതാവു നിശ്ചയിച്ചിരിക്കുന്നു. ഈ രണ്ടു വിശുദ്ധന്മാർ രോഗികളെ ശുശ്രൂഷിക്കുന്നതിനും അവർക്കു മരണസമയം വേണ്ട സഹായങ്ങൾ ചെയ്യുന്നതിനും ഓരോ സന്യാസസഭകൾ സ്ഥാപിച്ചിട്ടുള്ളവരാണു. തങ്ങളുടെ സഭാ സ്ഥാപകന്മാർക്കു ഇത്ര ബഹുമാനം കല്പിച്ചതിലുള്ള നന്ദി പ്രദർശിപ്പിക്കുന്നതിന് പ്രസ്തുത സഭാശ്രേഷ്ഠന്മാർ പരിശുദ്ധപിതാവിനെ മുഖം കാണിക്കയും അവിടുന്നു സുദീർഘമായി അവരോട്ട് സംഭാഷിക്കുകയുമുണ്ടായി.

---

## മനോഗുണ വിവരങ്ങൾ.

☞ ചുരുക്കമായി ഈവിധ വിവരങ്ങൾ പ്രസിദ്ധപ്പെടുത്തുന്നതിനു ഒരു രൂപാ മുൻപേർ അടച്ചു അപേക്ഷിക്കണം.

ചെങ്ങളത്ത് വി. അന്തോനീസിന്റെയും പാവർട്ടി മാർ യൌസേപ്പു പിതാവിന്റെയും മാദ്ധ്യസ്ഥത്താൽ എന്റെ സുഖക്കേടു നീങ്ങിയതിനു ഉപകാരസ്മരണ. ഒ. എൽ. കെ. പാവർട്ടി.

വി. ത്രിത്വത്തിന്റെ സഹായത്താലും വി. കൊച്ചുത്രേസ്യായുടെ മാദ്ധ്യസ്ഥത്താലും പരീക്ഷയിൽ വിജയം സിദ്ധിച്ചതിന്. എം. ജെ. അന്ന, ഭരണങ്ങാനം.

കർമ്മല മാതാവിന്റെയും വി. കൊച്ചുത്രേസ്യായുടെയും സഹായത്താൽ ദീനം സുഖമായതിനു ഉപകാരസ്മരണ. ചുവപ്പുങ്കൽ കുഞ്ഞു ഭരണങ്ങാനം.

വി. കൊച്ചുത്രേസ്യായുടെ മാദ്ധ്യസ്ഥത്താൽ ലഭിച്ചിട്ടുള്ള നിരവധി അനുഗ്രഹങ്ങൾക്കായി.
പീററർ ജെ. ചക്കാലക്കൽ. തോപ്പുംപടി.

വി. കൊച്ചുത്രേസ്യായുടെ സഹായത്താൽ എൻെറ അപ്പൻെറ കഠിനമായ വയറെൽവേദന മാറിക്കിട്ടിയതിനും എൻെറ സ്നേഹിതൻ്റെ നാട്ടിനടുത്തു ജോലി കിട്ടിയതിനും ഉപകാരസ്മരണ.

കെ. ജെ. കുഞ്ഞീല, വടനപ്പള്ളി.

വി. കൊച്ചുത്രേസ്യായുടെ സഹായത്താൽ എനിക്കു സ്കോളർഷിപ്പു കിട്ടിയതിന് കെ. പി. ഡി. വൈക്കം.

ഈശോയുടെ തിരുഹൃദയത്തിൻെറയും ദൈവമാതാവിൻെറയും വി. യൌസേപ്പു പിതാവിൻെറയും വി. കൊച്ചുത്രേസ്യായുടെയും സഹായത്താൽ കഴിഞ്ഞ പരീക്ഷയിൽ വിജയം പ്രാപിച്ചതിനു ഉപകാരസ്മരണ.

കെ. ററി. ജോസഫ്, തിശ്ശിനാപ്പള്ളി.

എൻെറ ഉദരരോഗം നീങ്ങിക്കിട്ടിയതിന് ഉപകാരസ്മരണ. ററി. വി.

## പ്രാർത്ഥനാനിയോഗങ്ങൾ.

☞ താഴെ കൊടുത്തിരിക്കുന്ന നിയോഗങ്ങൾക്കായി കുസുമ വായനക്കാർ പ്രത്യേകം പ്രാർത്ഥിക്കണമെന്നപേക്ഷ.

നഷ്ടപ്പെട്ട ആരോഗ്യവും അന്യാധീനപ്പെട്ട ധനവും തിരികെ ലഭിക്കുന്നതിനും ഒരു ഹിന്ദുവിൻെറ മാനസാന്തരത്തിനും— എൻെറ കടബാദ്ധ്യതകളും കഷ്ടപ്പാടുകളും നീങ്ങിക്കിട്ടുന്നതിന്— ഭാര്യക്കു ദൈവഭയവും മനസംസ്കരണവും, ഞങ്ങളിൽ ക്രിസ്തീയ ഉപവിയും ശാശ്വതമായ യോജിപ്പും ഉണ്ടാകുന്നതിന്— കുടുംബത്തിൽ സമാധാനവും, മകനും എനിക്കും തക്കതായ ജോലിയും ലഭിക്കുന്നതിനും, ആത്മശരീരാപകടങ്ങളിൽനിന്നും രക്ഷപെടുന്നതിനും, ഉദ്ദിഷ്ടകാര്യങ്ങൾ സാധിക്കുന്നതിനും— ശരീരാരോഗ്യവും അപകടരഹിതമായ പ്രസവവും ലഭിക്കുന്നതിനും, ആത്മശരീരാപത്തുകളിൽ ഉൾപ്പെടാതെ ദൈവേഷ്ടാനുസരണം ജീവിക്കുന്നതിനും— പണസംബന്ധമായ കഷ്ടപ്പാടുകൾ നീങ്ങിക്കിട്ടുന്നതിനും— ചില 'ശാവോൽ'മാർ മാനസാന്തരപ്പെടുന്നതിനും—

## ചരമവാർത്തകൾ.

കർത്താവിൽ ഭാഗ്യമരണം പ്രാപിച്ച താഴെപ്പറയുന്ന ആളുകൾക്കുവേണ്ടി കുസുമ വായനക്കാർ പ്രാർത്ഥിപ്പാറാകണം.

മണിയംകുന്നുപള്ളി ഇടവക ഇരുപ്പുഴിക്കൽ ഔസേപ്പു ഒക്ടോബർ 9 വയസ്സ് 55.

മുത്തോലി കർമ്മലീത്താ മഠാംഗമായ റവ. സിസ്റ്റർ എലിസബത്തു (ജീരകത്തിൽ എലി) ഒക്ടോബർ 11 വയസ്സു 20.

കർമ്മലീത്താ സുറിയാനിസഭയുടെ പ്രിയോർജനറാൾ പെ. ബ. യോഹന്നാനച്ചൻ അവർകളുടെ പ്രിയ മാതാവു് കോന്തുരുത്തി പള്ളി ഇടവക കോയിത്തറ അന്ന ഒക്ടോബർ 11 വയസ്സ് 80,

ക. നി. മൂ. സ. ബ! ചീരിപ്ലോസച്ചൻെറയും മെത്തോദിയച്ചൻെറയും സഹോദര പുത്രിയും, ക്ലാരമഠാംഗമായ സിസ്റ്റർ റീത്തായുടെ സഹോദരിയും കാഞ്ഞിരപ്പള്ളിപ്പള്ളിയിടവക പള്ളിവാതുക്കലായ കല്ലൂർ തൊമ്മൻ നിക്കാവോസിൻെറ ഭാര്യയുമായ മറിയം ആഗസ്റ്റ് 30 വയസ്സ് 17.

പാലാ വലിയപള്ളി ഇടവക മാളിയേക്കൽ ബ. യൗസേപ്പച്ചൻ ഒക്ടോബർ 22. വയസ്സ് 45.

മുട്ടുചിറ ഇടവക മുരിക്കൻ ബ. ഫിലിപ്പച്ചൻെറ കനിഷ്ഠ സഹോദരൻ തോമസ് ഒക്ടോബർ 4. വയസ്സ് 33.

Printed and Published for the Proprietor by P. K. Joseph at the St. Joseph's Press, Mannanam 1930.